പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **541** — 23/07/2010 ൽ മറുപടിയ്ക്ക്

## റീസർവ്വേയ്ക്ക് ശേഷമുള്ള ഭൂമി തർക്കങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പള്ളിപ്രം ബാലൻ:<br>ശ്രീ. എൻ. രാജൻ:<br>ശ്രീ. കെ. രാജു:<br>ശ്രീ. എ. കെ. ചന്ദ്രൻ: | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേയ്ക്ക് ശേഷമുള്ള ഭൂമി തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ രേഖകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും താലൂക്ക്തലത്തിലുള്ള എൽ. ആർ. എം വിഭാഗം ശക്തിപ്പെടുത്തുന്നതിനുമായി 31/05/2010 ലെ (എം. എസ്.) 200/10/റവന്യൂ നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ഓരോ താലൂക്കിലെയും പരാതികൾ സ്വീകരിക്കുന്നതിന് താലൂക്ക് ഓഫീസിൽ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. പരാതി പരിഹരിച്ച് തീർപ്പാക്കുന്നതിന് ഓരോ താലൂക്ക് ഓഫീസുകളിലേയ്ക്കും സർവെയർമാരെയും ഡ്രാഫ്റ്റ്സ്മാൻമാരെയും പുനർ വിന്യസിച്ചിട്ടുണ്ട്. |
| (ബി) റീസർവ്വേയ്ക്കു ശേഷം എത്ര പരാതികൾ ലഭിച്ചു; അതിന്മേൽ ഇതിനകം എത്രയെണ്ണത്തിന് തീർപ്പു കൽപ്പിച്ചു; | (ബി) റീസർവ്വേയ്ക്കു ശേഷം 2010 മേയ് വരെ 19,56,942 പരാതികൾ ലഭിച്ചു. ഇതിൽ 19,08,874 പരാതികൾ തീർപ്പാക്കി. |
| (സി) ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിര പരിഹാരം സാദ്ധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) ലഭിക്കുന്ന പരാതികളിന്മേൽ അടിയന്തിര പരിഹാരം സാധ്യമാക്കുന്നതിന് അധികമായുണ്ടാകുന്ന ജോലി ഭാരത്തിനനുസരിച്ച് ആവശ്യമായ ജീവനക്കാരെ സർവെ ഡയറക്ടർ റീസർവ്വേയിൽ നിന്നും ഓരോ താലൂക്ക് ഓഫീസുകളിലേയ്ക്കും പുനർ വിന്യസിച്ചിട്ടുണ്ട്. താലൂക്കുകളിലെ സർവ്വേ സംബന്ധമായ പ്രവർത്തനം ഓരോ പതിനഞ്ച് ദിവസത്തിലൊരിക്കലും താലൂക്ക് തലത്തിൽ അവലോകനം ചെയ്യേണ്ടതാണെന്നും, താലൂക്കുകളിലെ സർവ്വേ സംബന്ധമായ പ്രവർത്തനം ജില്ലാ തലത്തിൽ അവലോകനം ചെയ്യുന്നതിനായി |

കളക്ടറേറ്റുകളിൽ ഡെപ്യൂട്ടി കളക്ടർ (എൽ. ആർ) നെയും സർവ്വേ ഡെപ്യൂട്ടി ഡയറക്ടറേയും ചുമതലപ്പെടുത്തിയും കളക്ടർമാർ വിളിക്കുന്ന തഹസീൽദാർമാരുടെ പ്രതിമാസ യോഗത്തിൽ സർവ്വേ വിഭാഗത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതും അവലോകന റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർക്കും, സർവ്വേ ഡയറക്ടർക്കും അയക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 542 — 23-7-2010-ലെ മറുപടി

## കെ.എസ്.ആർ.ടി.സി ഡ്രൈവർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

**ചോദ്യം** — **ഉത്തരം**

ശ്രീ. എം.എ. വാഹീദ്
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ജി. കാർത്തികേയൻ
ശ്രീ. സി.പി. മുഹമ്മദ്

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർടി.സി ബസ്സുകൾ മൂലം നിരത്തിലുണ്ടാകുന്ന അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി, ഡ്രൈവർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് വിശദീകരിക്കുമോ; | (എ) | കെ.എസ്.ആർടി.സി ബസ്സുകൾ മൂലമുണ്ടാകുന്ന അപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ഡ്രൈവർമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സെയ്ഫ് ആന്റ് ഫ്യുവൽ എഫിഷ്യൻസി എന്ന ഒരു തീവ്ര യത്ന പരിപാടി 2007-ൽ ആവിഷ്ക്കരിക്കുകയും, കെ.എസ്.ആർടി.സിയിലെ മുഴുവൻ ഡ്രൈവർമാർക്കും പരിശീലനം നൽകുകയും, തുടർന്നും ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തിവരികയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി ഒരു ഹാൻഡ് ബുക്ക് - ഉയർന്ന ഇന്ധന ക്ഷമതയ്ക്കും അപകടരഹിത ഡ്രൈവിംഗ് രീതികളും ഉൾപ്പെടുത്തി പുറത്തിറക്കുകയും ചെയ്തു. ഈ ഹാൻഡ് ബുക്ക് എല്ലാ |

| | | | |
|---|---|---|---|
| | | | ഡ്രൈവർമാർക്കും പരിശീലന വേളയിൽ നൽകുന്നു. ഇത്തരം പ്രവർത്തനം മൂലം അപകട നിരക്ക് ദേശീയ ശരാശരിയേക്കാൾ താഴ്ത്തുവാൻ കെ.എസ്. ആർടി.സി.ക്ക് കഴിഞ്ഞിട്ടുണ്ട്. അപകട നിരക്ക് കുറയ്ക്കുന്നതിനു വേണ്ടി 06.10.2007-ൽ ആക്സിഡന്റ് ഇൻഫർമേഷൻ ആന്റ് കൺട്രോൾ സിസ്റ്റം ചീഫ് ഓഫീസിൽ തുടങ്ങി ഓരോ അപകടവും അതിനുള്ള കാരണവും പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.<br><br>2005-ൽ ഒരു ലക്ഷം കി.മീറ്ററിന് കെ.എസ്. ആർ.ടി.സി ബസ്സുകൾ ഉൾപ്പെടെ ഉണ്ടായ അപകട നിരക്ക് 0.36 ആയിരുന്നത് 2006-ൽ 0.25 ആക്കുവാനും , 2007-ൽ 0.21-ഉം 2008-ൽ 0.20 ആയും, 2009-ൽ 0.18 ആയും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടം ഘട്ടമായി ഡ്രൈവർമാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതു വഴിയാണ് ഇത്തരത്തിൽ അപകട നിരക്ക് കുറയ്ക്കുവാൻ സാധിച്ചത്. |
| (ബി) | ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് & റിസർച്ച് എന്ന സ്ഥാപനം ആരംഭിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) യും (സി) യും | ഡ്രൈവർമാർക്ക് വിദഗ്ധ പരിശീലനം നൽകുന്നതിനും ഡ്രൈവിംഗ് സംബന്ധമായ കാര്യങ്ങളിൽ ഗവേഷണങ്ങൾ നടത്തുന്നതിനുമായി ഒരു ഡ്രൈവർ പരിശീലന കേന്ദ്രം കേന്ദ്ര സർക്കാർ സഹായത്തോടു കൂടി മലപ്പുറം ജില്ലയിലെ എടപ്പാളിൽ നിർമ്മിക്കുന്നതിനുള്ള |
| (സി) | സംസ്ഥാനത്ത് എവിടെയാണ് പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നത്; | | |

| | | | |
|---|---|---|---|
| | | | നടപടികൾ പൂർത്തിയായി വരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിലാസ്ഥാപനം 6.6.2010-ൽ നടന്നു. ഇപ്പോൾ ഡ്രൈവർ പരിശീലനകേന്ദ്രം കോഴിക്കോട് ജില്ലയിലെ ചേവായൂരിൽ മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് താൽക്കാലികമായി പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ഡി) | ഇതിനായി കോർപ്പറേഷൻ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (ഡി) | ഇതിനായി കെ. എസ്. ആർടി.സി യുടെ എടപ്പാൾ റീജിയണൽ വർക്ക് ഷോപ്പ് പരിസരത്ത് 25 ഏക്കർ സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തു സർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ് ഡ്രൈവർമാർക്കും മറ്റ് സ്വകാര്യ മേഖലയിലെ ഡ്രൈവർമാർക്കും കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ട്രെയിനിംഗ് ഈ സ്ഥാപനത്തിലൂടെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 543** **23.07.2010 ൽ മറുപടിക്ക്**

## കലാഭിരുചിയുള്ള കുട്ടികളെ സഹായിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എം. മോനായി:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. സി.എം. ദിനേശ് മണി:<br>ശ്രീ. പി.ടി.എ. റഹീം: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) കലാഭിരുചിയുള്ള സ്കൂൾ കുട്ടികളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. സ്കൂൾ കലോത്സവങ്ങൾ കലാഭിരുചിയുള്ള കുട്ടികളെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള സമഗ്രമായ പരിപാടിയാണ്. സ്കൂൾതലത്തിലും ഉപജില്ലാതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മത്സരങ്ങൾ സംഘടിപ്പിച്ചു കഴിവ് തെളിയിക്കുന്ന എല്ലാ വിദ്യാർത്ഥി കളെയും അംഗീകരിക്കുന്നുണ്ട്. |
| (ബി) ചെലവ് കൂടുതലുള്ള ഇനങ്ങൾ യുവജനോത്സവത്തിൽ അവതരിപ്പിക്കുന്നതിന് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായം നൽകുമോ; | (ബി) രക്ഷകർത്താവിന്റെ വാർഷിക വരുമാനം 75,000/- രൂപയിൽ കുറവുള്ള കുട്ടികൾക്ക് യുവജനോത്സവങ്ങളിൽ പങ്കെടുക്കുന്നതിന്വേണ്ടി പതിനായിരം രൂപ സാമ്പത്തിക സഹായം നൽകിവരുന്നു. ഉപജില്ലാ തലത്തിൽ നൃത്ത ഇനങ്ങളിൽ മത്സരിച്ച് വിജയികളാകുന്ന കുട്ടികളിൽ നിന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായ കുട്ടികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും ജില്ലാ മത്സരങ്ങളിലും സംസ്ഥാന സ്കൂൾ കലോത്സവത്തിലും പങ്കെടുക്കുന്നതിനു വേണ്ടി 10,000/- രൂപ സഹായം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജില്ലാ തലത്തിൽ സഹായത്തിന് അർഹരായ കലാകാരന്മാരെ കണ്ടെത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | (സി) | ഇപ്പോൾ തന്നെ നിലവിലുണ്ട്. |
| (ഡി) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കലാവാസനയുള്ള കുട്ടികൾക്ക്പരിശീലനത്തിനായി സൗകര്യങ്ങൾഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | (ഡി) | ചിത്ര കല, സംഗീതം മുതലായ വിഷയത്തിൽ വിദ്യാർത്ഥികൾക്ക് പൊതുവായി പരിശീലനം ലഭിക്കാനുള്ള സൗകര്യം നിലവിലുണ്ട്. |

**സെക്ഷൻഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 544 23.07.2010 – ൽ മറുപടിക്ക്

## ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം.ആരിഫ്<br>,, സി.കെ.സദാശിവൻ<br>,, വി.എൻ.വാസവൻ<br>,, കെ.കുഞ്ഞിരാമൻ | | ശ്രീ. ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി യാഡുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിലെ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി 38 ലക്ഷം രൂപ മുടക്കി എറണാകുളത്ത് തേവരയിലും, ആലപ്പുഴയിലെ ഡോക്ക് ആൻഡ് റിപ്പയർ വിഭാഗത്തിലും യാർഡുകൾ, ഫൈബർ, സ്റ്റീൽ ഉൾപ്പെടെയുള്ള ബോട്ടുകൾ റിപ്പയർ ചെയ്യാവുന്ന വിധത്തിൽ നവീകരിച്ചിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 കോടി 59 ലക്ഷം രൂപ ചെലവഴിച്ച് 4 ബോട്ടുകൾ ഒരേ സമയത്ത് അറ്റകുറ്റപ്പണികൾ നടത്തുന്ന രീതിയിൽ പൂർണ്ണമായും യന്ത്രവൽകൃതമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്ലിപ്പ് യാർഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആലപ്പുഴ യാഡിൽ ബോട്ടുകൾ കരക്ക് കയറ്റുന്നതിന് യന്ത്രവൽകൃത സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ; | (ബി) | ആലപ്പുഴയിലെ നിലവിലുള്ള യാർഡിൽ സ്റ്റീൽ, ഫൈബർ ബോട്ടുകൾ പൂർണ്ണമായും യന്ത്രവൽകൃതമായി ഡോക്ക് ചെയ്യത്തക്ക തരത്തിൽ ഇലക്ട്രിക് വിഞ്ച് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ബോട്ട്‌യാഡിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി ട്ടുണ്ടോ ; ആലപ്പുഴ പോഞ്ഞി ക്കരയിൽ ആധുനിക യാഡിന്റെ പ്രവർത്തനം ആരം ഭിച്ചിട്ടുണ്ടോ ; | (സി) | 1.59 കോടി രൂപ ചെലവഴിച്ച് ആധുനിക സംവിധാനത്തോടു കൂടിയ സ്ലിപ്പ് വേ നിർമ്മിക്കുന്ന തിന് പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് വർക്ക് ഓർഡർ നൽകുകയും, നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | യാഡിന്റെ നവീകരണത്തി നായി എന്ത് തുക ചെലവ ഴിച്ചു; പുതുതായി എത്ര സ്റ്റീൽ ബോട്ടുകളും ഫൈബർ ബോട്ടുകളും ഈ വർഷം നീറ്റിലിറക്കുമെന്ന് വെളിപ്പെടു ത്തുമോ ? | (ഡി) | യാർഡിന്റെ നവീകരണത്തിനായി കഴിഞ്ഞ മൂന്ന് വർഷക്കാല യളവിൽ ഏകദേശം 38 ലക്ഷം രൂപയോളം ചെലവഴിച്ചു. 14 സ്റ്റീൽ ബോട്ടുകളും, 10 ഫൈബർ ബോട്ടു കളും നീറ്റിലിറക്കിക്കഴിഞ്ഞു. കൂടാതെ 10 സ്റ്റീൽ ബോട്ടുകൾ കൂടി നിർമ്മിക്കുന്നതിന് പൊതു മേഖലാ സ്ഥാപനമായ സിൽക്കിന് കരാർ നൽകുകയും, 5 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 6 സ്റ്റീൽ ബോട്ടുകൾ കൂടി നിർമ്മിക്കുന്ന തിന് ഭരണാനുമതി നൽകുന്നതി നുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 545

23/7/2010- ൽ മറുപടിയ്ക്ക്

## പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ഗവേഷണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | | ശ്രീ. എം.എ. ബേബി<br>( വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് എൻജിനീയറിംഗ് മേഖലയിലെ ഗവേഷണം ത്വരിതപ്പെടുത്താനും, എൻജിനീയറിംഗ് ഗവേഷണത്തിന് മാർഗ്ഗ നിർദ്ദേശം നൽകാനും വേണ്ടി സെന്റർ ഫോർ എൻജിനീയറിംഗ് റിസർച്ച് & ഡെവലപ്പ്മെന്റ് (CERD) എന്ന സ്ഥാപനം 2010 ജൂൺ 15 ന് പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലാണ് ഇതിന്റെ ആസ്ഥാനം. ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1. ഗവേഷണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക<br>2. ഗവേഷണത്തിനാവശ്യമായ ധനം കണ്ടെത്താൻ സഹായിക്കുക<br>3. വിവിധ ഗവേഷണ ഏജൻസികളുമായി സഹകരിച്ച് സംസ്ഥാനത്തെ എൻജിനീയറിംഗ് ഗവേഷണം ശക്തിപ്പെടുത്തുക<br>4. പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാൻ സഹായിക്കുക<br>5. നൂതന വിദ്യാർത്ഥി പ്രോജക്റ്റുകൾക്ക് ധനസഹായം നൽകുക<br>6. വിവിധ കോളേജുകളിലെ വിവിധ വിഷയങ്ങളിലെ വൈദഗ്ദ്ധ്യം ഏകോപിച്ച് ഗവേഷണ ക്ലസ്റ്റർ ഉണ്ടാക്കുക<br>7.വാർഷിക ടെക്നോളജിക്കൽ കോൺഗ്രസ് നടത്തുക<br>8. ഗവേഷകർക്ക് പ്രോത്സാഹന സമ്മാനങ്ങളും അവാർഡുകളും നൽകുക |
| ബി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എഞ്ചിനീയറിംഗ് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു 'റിസർച്ച് പാർക്ക്' സ്ഥാപിക്കുന്നതിനുള്ള പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറായി വരുന്നു. ഈ റിസർച്ച് പാർക്കിൽ പ്രവർത്തനമാരംഭിക്കുന്ന ഗവേഷണ യൂണിറ്റുകൾക്ക് പ്രാഥമിക ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കാനും, ഗവേഷണ പ്രവർത്തനങ്ങൾക്ക് എൻജിനീയറിംഗ് കോളേജുകളുടേയും മറ്റു ഗവേഷണ സ്ഥാപനങ്ങളുടേയും ഭൗതിക സൗകര്യങ്ങളും മാനവശേഷിയും ഉപയോഗിക്കാനും അതുവഴി ഗവേഷണ സ്ഥാപനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 546      23/07/2010-ൽ മറുപടിക്ക്

**സർവ്വകലാശാലകൾക്ക് നൽകുന്ന ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. ബാബു<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. എ.എ. ഷുക്കൂർ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് പ്രത്യേക ഗ്രാന്റായി ഈ വർഷം എത്ര കോടി രൂപ അധികമായി നൽകാനാണ് തീരുമാനിച്ചിട്ടുളളത്; | (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 2010-11 സാമ്പത്തിക വർഷം 50 കോടി രൂപ പ്രത്യേക ഗ്രാന്റായി അനുവദിക്കാൻ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ഗ്രാന്റ് അനുവദിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയായിരിക്കണമെന്നാണ് ഇതിനായി പഠന റിപ്പോർട്ട് നൽകിയ രബീന്ദ്രൻ നായർ കമ്മിറ്റി നിർദ്ദേശിച്ചിരിക്കുന്നത്; | (ബി) | സർവ്വകലാശാലകൾ അവരുടെ ശമ്പളച്ചെലവിന്റെ 10% പെൻഷൻ ഫണ്ട് പദ്ധതിക്കായി ട്രഷറിയിൽ നിക്ഷേപിക്കണം, ക്ഷേമനിധിയിലേയ്ക്ക് നിക്ഷേപം നടത്താത്ത സർവ്വകലാശാലകൾ 2010-11 സാമ്പത്തിക വർഷം മുതൽ നിക്ഷേപം തുടങ്ങണം, എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനം , സ്ഥലംമാറ്റം തുടങ്ങിയ, കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ചെയ്യുന്ന കാര്യങ്ങൾ സർവ്വകലാശാലകളിൽ ആവർത്തിക്കുന്നത് ഒഴിവാക്കണം, പദ്ധതി, പദ്ധതി ഇതര ധനസഹായം സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം എന്നിവയ്ക്ക് വെവ്വേറെ അക്കൗണ്ട് തുടങ്ങണം, ഫീസുകൾ വർദ്ധിപ്പിക്കണം, സർവ്വകലാശാലകൾക്കുള്ള ധനസഹായം അവയുടെ പ്രവർത്തനത്തിന് അനുസരിച്ചായിരിക്കണം, അന്തർസർവ്വകലാശാല കേന്ദ്രങ്ങൾക്ക് സ്വയം ഫണ്ട് ശേഖരിക്കത്തക്ക വിധത്തിൽ സ്വയം ഭരണം നൽകണം, |

സർവ്വകലാശാലകൾക്ക് പദ്ധതി ഇതര ധനസഹായം നൽകുന്നതിന് ഒരു ഫോർമുല രൂപീകരിക്കണം, പദ്ധതി അടങ്കലിന്റെ 5% സർവ്വകലാശാല വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കണം തുടങ്ങിയ നിർദ്ദേശങ്ങളാണ് രബീന്ദ്രൻ നായർ കമ്മിറ്റി ശുപാർശചെയ്തിട്ടുള്ളത്.

| | |
|---|---|
| (സി) സുതാര്യമായ ഫോർമുലയുടെ അടിസ്ഥാനത്തിൽ പ്രത്യേക ഗ്രാന്റുകൾ സർവ്വകലാശാലകൾക്ക് നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) സുതാര്യമായ ഫോർമുല ഉൾപ്പെടെയുള്ള രബീന്ദ്രൻ നായർ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നത് നിരീക്ഷിക്കാനായി കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ അദ്ധ്യക്ഷനായി ഒരു സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.547 23/07/2010-ൽ മറുപടിക്ക്

**സർവ്വകലാശാല ലൈബ്രറികളുടെ നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർവ്വകലാശാല ലൈബ്രറികളുടെ സമൂലമായ നവീകരണത്തിന് ഈ അദ്ധ്യയന വർഷം പുതിയ പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) അന്തർദേശീയ നിലവാരത്തിലുയർത്താനും റഫറൻസിനും പഠനത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്താനും എല്ലാ സർവ്വകലാശാല ലൈബ്രറികളേയും സജ്ജമാക്കുന്നതിനായി ഒരു ഏകീകൃതമായ നടപടിക്രമത്തിന് രൂപം നൽകുമോ; | (എ) & (ബി) സർവ്വകലാശാല ലൈബ്രറികളുടെ ആധുനിക വത്ക്കരണത്തിനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും 30 കോടി രൂപ ചെലവഴിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) കണ്ണൂർ സർവ്വകലാശാലക്ക് ലൈബ്രറി ആരംഭിക്കുവാൻ എന്തൊക്കെ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ; | (സി) കണ്ണൂർ യൂണിവേഴ്സിറ്റി താവക്കരയിൽ ഏറ്റെടുത്തിട്ടുള്ള 13.74 ഏക്കർ സ്ഥലത്ത് യൂണിവേഴ്സിറ്റി ലൈബ്രറി കോംപ്ളക്സ് നിർമ്മിക്കുന്നതിന് യൂണിവേഴ്സിറ്റി സമർപ്പിച്ച 22 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) സർവ്വകലാശാല ലൈബ്രറികളെ അന്താരാഷ്ട്ര നിലവാരമുള്ള റഫറൻസ് പഠനകേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അന്തർദേശീയ ലൈബ്രറികളുമായും മറ്റ് ഇൻഫർമേഷൻ കേന്ദ്രങ്ങളുമായും സാങ്കേതിക വിജ്ഞാനം കൈമാറുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) സംസ്ഥാനസർക്കാർ നൽകിയ 3 കോടി രൂപയുടെ പ്രത്യേക ഗ്രാന്റ് ഉപയോഗിച്ച് ഗവേഷകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ കേരള സർവ്വകലാശാല ലൈബ്രറിയുടെ റഫറൻസ് വിഭാഗം, പീരിയോഡിക്കൽ വിഭാഗം, സ്റ്റാക്ക് റൂം എന്നിവ ആധുനിക വത്ക്കരിച്ചിട്ടുണ്ട്. കേരള പഠനവുമായി ബന്ധപ്പെട്ട |

രണ്ടായിരത്തോളം അപൂർവ്വവും
പുരാതനവുമായ പുസ്തകങ്ങൾ
ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.
യു.ജി.സി - ഇൻഫോനെറ്റ്
ഇ-ജേണൽ കൺസോർഷ്യയിൽ
കേരള സർവ്വകലാശാലക്ക്
പ്രവേശനം ലഭിച്ചിട്ടുണ്ട്
കോഴിക്കോട് സർവ്വകലാശാലയും
ഈ കൺസോർഷ്യ വഴി
അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങൾ
ലഭ്യമാക്കുന്നുണ്ട്. മഹാത്മാ
ഗാന്ധി സർവ്വകലാശാല 1991-2008
വരെ അവാർഡു
ചെയ്തിട്ടുള്ളതിൽ 1088 പി.എച്ച്.ഡി
തിസീസുകൾ ഓൺ ലൈൻ
ആക്കിയിട്ടുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 548 — 23-7-2010-ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ച പുതുക്കിയ ഇൻസെന്റീവ് സ്കീം

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. സി. കുഞ്ഞിരാമൻ
ശ്രീ. കെ. കെ. ദിവാകരൻ
ശ്രീ. സി. എം. ദിനേശ് മണി
ശ്രീ. കെ. സി. രാജഗോപാലൻ

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ആവിഷ്ക്കരിച്ച പുതുക്കിയ ഇൻസെന്റീവ് സ്കീമിന്റെ വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ ചെലവ് നിയന്ത്രിക്കുന്നതോടൊപ്പം വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് നിലവിലുള്ള ഇൻസെന്റീവ് സ്കീം. പാസഞ്ചർ കപ്പാസിറ്റി, യാത്രാനിരക്ക്, ഓടുന്ന കി. മീറ്റർ, ബസിന്റെ വരുമാനം എന്നിവ ബന്ധപ്പെടുത്തിയാണ് നിലവിലുള്ള ഇൻസെന്റീവ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതുസരിച്ച് കളക്ഷൻ ബാറ്റ സംവിധാനം നിർത്തൽ ചെയ്യുകയും പുതുക്കിയ ഇൻസെന്റീവ് ബാറ്റ അല്ലെങ്കിൽ കി.മീറ്റർ അലവൻസ് ഇവയിൽ ഏതാണോ കൂടുതൽ, ആ തുക നൽകുകയും ചെയ്തുവരുന്നു. ഷെഡ്യൂൾ പൂർണ്ണമായും ഓപ്പറേറ്റ് ചെയ്തവർക്കും, അപകടം, ബ്രേക്ക്ഡൗൺ എന്നിവ ഇല്ലാതെ സർവ്വീസ് നടത്തുന്നവർക്കും മാത്രമേ ഇൻസെന്റീവിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | എന്നാൽ ജീവനക്കാരുടെ കുഴപ്പം കൊണ്ടല്ലാതെ ഉണ്ടാകുന്ന ബ്രേക്ക്ഡൗണിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശുപാർശയ്ക്ക് വിധേയമായി ഇൻസെന്റീവ് അനുവദിക്കുന്നതാണ്, കൂടാതെ ക്രൂവിന്റെ കുഴപ്പം കൊണ്ടല്ലാതെയുള്ള ട്രിപ്പ് റദ്ദാക്കൽ, അധികമായി ഓപ്പറേറ്റ് ചെയ്യുന്ന ട്രിപ്പുകൾ എന്നിവയ്ക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശുപാർശപ്രകാരം ഇൻസെന്റീവ് അനുവദിക്കുന്നുണ്ട്. ഇതിനു പുറമെ ഒരു ബസിന് ഒരു ദിവസം രണ്ട് ഡ്യൂട്ടിയോ, അതിൽ കൂടുതലോ ആണെങ്കിൽ സിറ്റി ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി, സിറ്റി ഫാസ്റ്റ് എന്നീ സർവ്വീസുകളിൽ 1000-ൽ കൂടുതൽ യാത്രക്കാരെ കയറ്റി ടിക്കറ്റ് നൽകുമ്പോൾ ഓരോ അധിക ടിക്കറ്റിനും കണ്ടക്ടർക്കും, ഡ്രൈവർക്കും കൂടി 10 പൈസ തുല്യമായി അധിക ഇൻസെന്റീവ് നൽകുന്നതാണ്. മിനിബസ്സുകൾക്ക് ഇത് 600 ടിക്കറ്റിൽ കൂടുതലാണെങ്കിൽ ഇൻസെന്റീവിന് അർഹതയുണ്ട്. സിംഗിൾ ഡ്യൂട്ടിക്ക് ഇത് യഥാക്രമം 500-ഉം, 300-ഉം ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ പരീക്ഷണാർത്ഥം ആരംഭിച്ച ഇൻസെന്റീവ് സ്കീം ഫലപ്രദമായതിനെ ത്തുടർന്ന് എല്ലാ |

| | | | |
|---|---|---|---|
| | | | യൂണിറ്റിലും വ്യാപിപ്പിച്ചിട്ടുണ്ട്. |
| (ബി) | യൂണിറ്റടിസ്ഥാനത്തിൽ ഇൻസെന്റീവ് അനുവദിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | നിലവിൽ എല്ലാ യൂണിറ്റുകളിലും ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും ഇൻസെന്റീവ് സ്കീം അനുവദിക്കുന്നുണ്ട്. എന്നാൽ യൂണിറ്റിന്റെ മൊത്തം പെർഫോർമൻസ് നോക്കി ഒരു ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടില്ല. |
| (സി) | മെച്ചപ്പെട്ട ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് നൽകുന്ന പ്രത്യേക അലവൻസിന്റെ വിശദാംശം വ്യക്തമാക്കുമോ; | (സി) | ഒരു ലിറ്റർ ഡീസൽ ഉപയോഗിച്ച് 5 കി.മീറ്റർ ബസ് ഓടിക്കണമെന്ന ലക്ഷ്യമാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഒരു കലണ്ടർ മാസത്തിൽ ഇരുപത് ഡ്യൂട്ടിയെങ്കിലും ചെയ്യുകയും, അപകടരഹിതമായി ബസ് ഓടിക്കുകയും, KMPL ശരാശരി 5 ലഭിക്കുകയും ചെയ്യുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമെന്ന നിലയിൽ 300 രൂപ പ്രതിമാസം പ്രത്യേക അലവൻസായി നൽകിവരുന്നുണ്ട്. |
| (ഡി) | അശ്രദ്ധമായി വാഹനം ഓടിക്കുന്ന ഡ്രൈവർമാരെ കണ്ടെത്തുന്നതിനും ശിക്ഷാനടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; | (ഡി) | ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യിൽ അശ്രദ്ധമായി വാഹനം ഓടിയ്ക്കുന്ന ഡ്രൈവർമാരെ കണ്ടെത്തുന്നതിനും, ഡിപ്പാർട്ടുമെന്റൽ നടപടികൾ സ്വീകരിക്കുന്നതിനും നടപടികൾ എടുത്തുവരുന്നു. നിലവിൽ ഡ്രൈവർ വിഭാഗത്തിൽ നിന്നും മെച്ചപ്പെട്ട ഡ്രൈവിംഗ് സ്വഭാവമുള്ള ഡ്രൈവർമാരെ തെരഞ്ഞെടുത്ത് നാമക്കലിലുള്ള ഡ്രൈവേഴ്സ് ട്രെയിനിംഗ് |

| | | | |
|---|---|---|---|
| | | | സെന്ററിലും, പുനയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ടിലും അയച്ച് പരിശീലനം നൽകി ഡ്രൈവർ ട്രെയിനർമാരായി നിയമിച്ചിട്ടുണ്ട്. ഇവർ സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ സഞ്ചരിച്ച് ഡ്രൈവർമാരുടെ ഡ്രൈവിംഗ് രീതികൾ നിരീക്ഷിക്കുകയും അപകടകരമായ നിലയിലും, ഇന്ധനക്ഷമത കുറയ്ക്കുന്ന തരത്തിലും വാഹനം ഓടിക്കുന്ന മോശപ്പെട്ട ഡ്രൈവിംഗ് രീതികൾ ഉള്ളവരെ കണ്ടുപിടിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി.യ്ക്ക് ബസ്സുകളിലും മറ്റും പരസ്യം അനുവദിക്കുന്നതു മൂലം പ്രതിവർഷം ശരാശരി എന്തു തുക ലഭിക്കുന്നു; | (ഇ) | ബസ്സുകളിലും, ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം രണ്ട് (2) വർഷകാലയളവിലേയ്ക്കാണ് ടെണ്ടർ കം ഓക്ഷനിലൂടെയാണ് നൽകുന്നത്. ഏറ്റവും ഒടുവിൽ നൽകിയ കരാർ പ്രകാരം ബസ്സുകളിലും മറ്റും പരസ്യം അനുവദിക്കുന്നതു മൂലം പ്രതിവർഷം ശരാശരി 2,95,33,333/- രൂപ ലഭിക്കുന്നു. |
| (എഫ്) | പരസ്യ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എഫ്) | 1. കൂടുതൽ വരുമാനം ലഭിയ്ക്കുന്നതിനായി ബസ്സുകളിൽ പരസ്യം നൽകുന്നതിന് നിലവിലുള്ള കരാർ കാലാവധിയായ രണ്ട് (2) വർഷത്തിൽ നിന്നും നിലവിലുള്ള കരാർ തുകയുടെ 25% തുക വർദ്ധിപ്പിച്ചുകൊണ്ടു രണ്ട് (2) വർഷംകൂടി കരാർ കാലാവധി പുതുക്കി നൽകുവാൻ തീരുമാനിയ്ക്കുകയു- |

| | | | |
|---|---|---|---|
| | | | ണ്ടായി.<br><br>2. പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം ബസ്സുകളിലും, ബസ് സ്റ്റേഷനുകളിലും നടപ്പിലാക്കുവാൻ തീരുമാനിച്ചു.<br><br>3. ബസ്സിനുള്ളിൽ hanging hanger-ൽ പരസ്യം അനുവദിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 549 23.07.2010 -ലെ മറുപടി.

## ജലഗതാഗത വകുപ്പിന്റെ കീഴിൽ കാർഗോ സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ. ഷുക്കൂർ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. എം. മുരളി :<br>ശ്രീ. കെ. ശിവദാസൻ നായർ : | | ശ്രീ. ജോസ് തെറ്റയിൽ<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ജലഗതാഗത വകുപ്പിന്റെകീഴിൽ കാർഗോ സർവ്വീസുകൾ നടത്തുന്നുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ, പുതിയ കാർഗോ ബോട്ട് സർവ്വീസുകൾ നടത്താൻ പരിപാടിയിട്ടിട്ടുണ്ടോ; | (ബി) യും (സി) യും | നിലവിൽ പാസഞ്ചർ സർവീസുകൾ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യവികസനത്തിനു വേണ്ടിയാണ് പ്ലാൻ ഹെഡിലെ തുക വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള അടിസ്ഥാന സൗകര്യം കുറ്റമറ്റതാക്കുമ്പോൾ, ദേശീയ ജലപാതയുടെ പൂർത്തീകരണത്തോടുകൂടി കാർഗോ സർവ്വീസിനെപ്പറ്റി ആലോചിക്കാവുന്നതാണ്. |
| (സി) | എങ്കിൽ എവിടെയൊക്കെ കാർഗോ ബോട്ട് സർവ്വീസുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; | | |
| (ഡി) | ജലഗതാഗത വകുപ്പ് ഇപ്പോൾ ഏതൊക്കെ മേഖലകളിലാണ് വിനോദസഞ്ചാരാധിഷ്ഠിതമായ ബോട്ട് സർവ്വീസുകൾ നടത്തുന്നത്; | (ഡി) | കൊല്ലം-ആലപ്പുഴ മേഖലകളിൽ രണ്ട് ബോട്ടുകൾ വിനോദസഞ്ചാരാധിഷ്ഠിത സർവ്വീസുകൾ നടത്തിവരുന്നു. |
| (ഇ) | നടപ്പ് വർഷം ഇത്തരത്തിൽ ഏതൊക്കെ പുതിയ ബോട്ട് സർവ്വീസുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഇ) | 'സീകുട്ടനാട്' എന്ന പേരിൽ ഡബിൾ ഡെക്കർ ബോട്ട് ഉപയോഗിച്ച് ആലപ്പുഴയിൽ നിന്നും ഒരു സർവ്വീസ് ഈ വർഷം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | കാർഗോ സർവ്വീസ്, വിനോദ സഞ്ചാരാധിഷ്ഠിതമായ ബോട്ട് സർവ്വീസുകൾ എന്നിവയിലൂടെ പ്രതിവർഷം ജലഗതാഗത വകുപ്പിന് എത്ര കോടി രൂപയുടെ വരുമാനം നേടാനാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ? | (എഫ്) | കാർഗോ സർവ്വീസ് രംഗത്തേക്ക് വകുപ്പ് നാളിതുവരെ പ്രവേശിച്ചിട്ടില്ല. വിനോദ സഞ്ചാരാധിഷ്ഠിത സർവ്വീസുകൾ വഴി ഏകദേശം 25 ലക്ഷം രൂപയാണ്, വകുപ്പ് പ്രതിവർഷം വരുമാനം പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 550 23.07.2010-ൽ മറുപടിക്ക്.

**പാഠ പുസ്തക പരിഷ്ക്കരണ സമിതി ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ :<br>" കെ.ടി.ജലീൽ : | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) |

---

| | |
|---|---|
| (എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ (എസ്.സി.ഇ.ആർ.ടി) ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സ്കൂൾ പാഠ്യപദ്ധതി, അധ്യാപക പരിശീലന പാഠ്യപദ്ധതി എന്നിവയുടെ രൂപീകരണം, പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള പാഠപുസ്തകങ്ങൾ, അധ്യാപകസഹായി എന്നിവ തയ്യാറാക്കൽ, പ്രീ-പ്രൈമറി പാഠ്യപദ്ധതി രൂപീകരണം, പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സംസ്ഥാനതല അധ്യാപക പരിശീലനം ആസൂത്രണം ചെയ്യൽ, സ്കൂൾ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കൽ തുടങ്ങിയവയാണ് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)യുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |

| | |
|---|---|
| (ബി) പാഠ്യ പദ്ധതി പരിഷ്കരണവു മായി ബന്ധപ്പെട്ട് സമിതി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (ബി) ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005 നെയും കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 നെയും അടിസ്ഥാനമാക്കി ഒന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലെ സിലബസ് പൂർത്തിയാക്കുകയും പാഠപുസ്തക രചനയ്ക്ക് പശ്ചാത്തല മൊരുക്കുകയും ചെയ്തു. ഒന്നു മുതൽ ഒൻപതു വരെ ക്ലാസ്സുകളിലെ പാഠപുസ് തകങ്ങളും അധ്യാപകസഹായികളും രൂപ പ്പെടുത്തി. ഈ അധ്യയന വർഷം അടുത്ത വർഷത്തേയ്ക്കാവശ്യമായ 10-ാം തരത്തിലെ പാഠപുസ്തക പരിഷ്കരണം നടന്നുവരുന്നു. |
| (സി) നടപ്പുവർഷം സമിതി നടത്താൻ ലക്ഷ്യമിട്ടിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണ് ; | (സി) 1. പത്താംതരത്തിലെ പാഠപുസ്ക ങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>2. പാഠപുസ്കത്തോടൊപ്പം ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ ശക്തി പ്പെടുത്തുന്നതിനു സഹായകമായ അധ്യാപകസഹായികൾ തയാറാ ക്കുന്നതാണ്.<br>3. സെക്കന്ററി തലത്തിലേയും ഹയർ സെക്കന്ററി തലത്തിലേയും മുഴുവൻ അധ്യാപകരേയും പരിശീ ലിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. |

| | | | |
|---|---|---|---|
| (ഡി) | അദ്ധ്യാപക പരിശീലനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സമിതി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ഡി) | ഉണ്ട്. അധ്യാപക പരിശീലനത്തിന്റെ മികവുകളും പരിമിതികളും സംബന്ധിച്ച് പഠനം നടത്തിയതിന്റെ റിപ്പോർട്ട് പരിഗണിച്ച് പരിശീലനത്തിനു ശേഷം അധ്യാപകർ ക്ലാസ്സ് റൂം പ്രവർത്തനത്തിൽ വരുത്തിയ മെച്ചപ്പെടുത്തൽ കണ്ടെത്തുന്നതിന് ഗവേഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (ഇ) | ഉത്തരക്കടലാസ്സുകളുടെ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 551 — 23-07-2010 - ൽ മറുപടിക്ക്

പ്രത്യേകം പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. എം. ഹംസ<br>ശ്രീമതി. കെ. കെ ലതിക<br>ശ്രീ. രാജു എബ്രഹാം | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |

---

| ചോദ്യം | ഉത്തരം |
|---|---|
| (എ) പൊതുവിദ്യാലയങ്ങളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കൽ, സാമ്പത്തികാനുകൂല്യങ്ങൾ നൽകൽ, വൈദ്യപരിശോധന ക്യാമ്പുകൾ സംഘടിപ്പിക്കൽ, റിസോഴ്സ് മുറികൾ സജ്ജമാക്കൽ, റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കൽ, സ്കൂൾ കെട്ടിടങ്ങളിലെ വാസ്തുശില്പപരമായ തടസങ്ങൾ നീക്കം ചെയ്യൽ, രക്ഷകർത്താക്കൾക്കായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ , പ്രധാനാദ്ധ്യാപകർക്കും റിസോഴ്സ് അദ്ധ്യാപകർക്കുമുള്ള പരിശീലനം, സ്കൂളുകളിൽ തെറാപ്യൂട്ടിക് സെന്ററുകൾ, ഓഡിയോ വിഷ്വൽ പഠനോപകരണങ്ങൾ എന്നിവ സജ്ജമാക്കൽ, ട്രെയിനിംഗ് സെന്ററുകളുടെ ശാക്തീകരണം, സഹായോപകരണങ്ങൾക്കുള്ള സാമ്പത്തിക സഹായം എന്നീ സൗകര്യങ്ങളാണ് പൊതുവിദ്യാലയങ്ങളിലെ പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | എത്ര സ്കൂളുകളെ മോഡൽ ഇൻക്ലൂസീവ് സ്കൂളുകളായി മാറ്റിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2009-10 വർഷം, 8 ഗവൺമെന്റ് ഹൈസ്കൂളുകളെ മോഡൽ ഇൻക്ലൂസീവ് സ്കൂളായി മാറ്റുന്നതിന് തുക അനുവദിച്ചിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | എത്ര വിദ്യാലയങ്ങളിൽ റിസോഴ്സ് സെന്ററുകളും റിസോഴ്സ് മുറികളും തയ്യാറാക്കിയിട്ടുണ്ട്; | (സി) | സംസ്ഥാനത്ത് 9 വിദ്യാലയങ്ങളിൽ റിസോഴ്സ് സെന്ററുകളും 42 വിദ്യാലയങ്ങളിൽ റിസോഴ്സ് മുറികളും തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | രക്ഷകർത്താക്കൾക്കും പ്രധാനാധ്യാപകർക്കും റിസോഴ്സ് അധ്യാപകർക്കും പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. സംയോജിത വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിൽ പ്രധാനാദ്ധ്യാപകർക്കും ജില്ലാ വിദ്യാഭ്യാസ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ റിസോഴ്സ് അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും പരിശീലനം നൽകി വരുന്നുണ്ട്. |
| (ഇ) | ഈ പദ്ധതികൾക്കായി നടപ്പു വർഷം എത്രകോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഇ) | സംയോജിത വിദ്യാഭ്യാസ പദ്ധതി (ഐ.ഇ.ഡി.എസ്.എസ്) ക്കായി നടപ്പു വർഷം 25.72 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. കൂടാതെ എസ്. എസ്. എ പദ്ധതിയിൽ 28.16 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 552

23/7/2010- ൽ മറുപടിയ്ക്ക്

**സംസ്ഥാനത്തെ പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ പിന്നോക്കാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | | ശ്രീ. എം.എ. ബേബി<br>( വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്തെ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഈ കോളേജുകളിൽ ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നു. |
| ബി) | ഇടുക്കി, വയനാട്, കോഴിക്കോട്, ബാർട്ടൻഹിൽ, ശ്രീകൃഷ്ണപുരം കോളേജുകളുടെ വികസനത്തിനായി സർക്കാർ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുമോ; | (ബി) | ഇതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| സി) | ക്ലാസ് റൂം, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതികൾ നിലവിലുണ്ടോ; | (സി) | ഉണ്ട്. |
| ഡി) | കോളേജ് വികസന പദ്ധതികൾക്ക് നബാർഡ് സഹായത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 553** **23/07/2010-ൽ മറുപടിക്ക്**

### ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് മാനേജ്മെന്റ് പരിശീലനം

**ചോദ്യം**
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എം. ചന്ദ്രൻ :
,, പി. കൃഷ്ണപ്രസാദ് :
,, ടി. പി. കുഞ്ഞുണ്ണി :

**ഉത്തരം**
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഭരണപരമായ ചുമതലയുള്ള ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് മാനേജ്മെന്റ് പരിശീലനം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ ഭരണപരമായ ചുമതലയുള്ള ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർക്ക് ഏതേത് വിഷയങ്ങളിലാണ് മാനേജ്മെന്റ് പരിശീലനം ആവശ്യമുള്ളതെന്ന്, ട്രെയിനിംഗ് നീഡ് അസസ്മെന്റിലൂടെ കണ്ടെത്തുകയും, അവ വിശകലനം ചെയ്യുകയും, ആവശ്യമുള്ള മേഖലകൾ കണ്ടെത്തി മൊഡ്യൂൾ തയ്യാറാക്കി പരിശീലനം നൽകുകയുമാണ് ചെയ്യാറുള്ളത്. പരിശീലന ശേഷം, അവ വിലയിരുത്തുകയും, ഫലപ്രാപ്തി പഠനം നടത്തുകയും ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.<br>2009-10 അദ്ധ്യയന വർഷം 'സീമാറ്റ്' തയ്യാറാക്കിയ പരിശീലന പദ്ധതി പ്രകാരം ഹയർ സെക്കണ്ടറി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും 3 ദിവസം ദൈർഘ്യമുള്ള റസിഡൻഷ്യൽ രീതിയിലുള്ള പരിശീലനം നൽകിയിട്ടുണ്ട്.<br>തിരുവനന്തപുരം, എറണാകുളം മേഖലകളിൽപ്പെട്ട തിരുവനന്തപുരം, കൊല്ലം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി ജില്ലകളിൽ 2009 ഫെബ്രുവരി മാസത്തിലും കോഴിക്കോട് മേഖലയിൽപ്പെട്ട മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ 2009 ഫെബ്രുവരി - മാർച്ച് മാസങ്ങളിലുമായിട്ടാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.<br>2008-09 അദ്ധ്യയന വർഷം സംസ്ഥാനത്തെ 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെയും പ്രിൻസിപ്പൽമാർക്ക് മാനേജ്മെന്റ് പരിശീലനം നൽകിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിലെ മേഖലാ |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് ഡയറക്ടർമാരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്. |
| ബി) | മാനേജ്മെന്റുമായി ബന്ധപ്പെട്ട് ഏതെല്ലാം വിഷയങ്ങളിലാണ് സീമാറ്റിൽ പരിശീലനം നൽകുന്നത്; | ബി) | ഓഫീസ് മാനേജ്മെന്റ്, മൈക്രോലെവൽ പ്ലാനിംഗ്, വ്യക്തിത്വ വികസനം, ടൈം മാനേജ്മെന്റ് , ലോജസ്റ്റിക് മാനേജ്മെന്റ്, ഫിനാൻസ് മാനേജ്മെന്റ്, കോടതി കേസ്സുകളുടെ നടത്തിപ്പ്, ആഡിറ്റ് എന്നിവയിലും കെ. എസ്.ആർ., കെ.ഇ.ആർ., എം.ഒ.പി. തുടങ്ങിയവയിലുമാണ് പ്രധാനമായും പരിശീലനം നൽകുന്നത്. |
| സി) | വിവരാവകാശനിയമം, ഇ-ഗവേണൻസ്, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ഓഫീസ് നടപടിക്രമങ്ങൾ തുടങ്ങിയവ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുമോ? | സി) | പരിശീലനങ്ങളിൽ ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Ashama

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 554 23/07/2010-ൽ മറുപടിക്ക്.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ :<br>" വി.ശശികുമാർ :<br>" വി.എൻ.വാസവൻ:<br>" സാജു പോൾ : | | ശ്രീ. എം.എ. ബേബി.<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി). |
| എ) വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പൊതുവിൽ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു.<br>• 14 വയസ്സു വരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം നൽകിവരുന്നു. ഇതിന്റെ ഫലമായി കേരളം സാർവത്രിക സ്കൂൾ പ്രവേശനം (യൂണിവേഴ്സൽ എൻറോൾമെന്റ്) നേടിക്കഴിഞ്ഞു.<br>• ഒന്നര കിലോമീറ്ററിനുള്ളിൽ പ്രൈമറി സ്കൂളുകളും മൂന്ന് കിലോമീറ്ററിനുള്ളിൽ യു.പി. സ്കൂളുകളും, എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഹൈസ്ക്കൂളുകളും സംസ്ഥാനത്തുണ്ട്.<br>• വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനും അധ്യാപകരുടെ യോഗ്യത, സ്കൂൾ ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.<br>• പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾ, സ്കൂളിൽ ചേരാത്ത കുട്ടികൾ, സ്കൂളിൽനിന്നും കൊഴിഞ്ഞുപോയ കുട്ടികൾ, സ്കൂൾ സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലെ കുട്ടികൾ എന്നിവർക്ക് ബദൽ വിദ്യാലയങ്ങൾ ആരംഭിച്ചു. കുട്ടികൾക്ക് സ്വയം പഠനകാർഡുകൾ നൽകി വരുന്നു. ക്ലാസുകൾ കൈകാര്യം ചെയ്യാൻ എഡ്യൂക്കേഷണൽ വോളണ്ടിയർമാരെ(ഇ.വി)നിയമിച്ചു. |

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് രക്ഷാകർതൃബോധ വൽക്കരണം, അനുബന്ധ സാമഗ്രികളുടെ വിതരണം (വീൽ ചെയർ, കണ്ണട, ശ്രവണസഹായി) ചലനശേഷിയില്ലാത്ത കുട്ടികൾക്ക് വീടുകളിൽ വച്ചുള്ള വിദ്യാഭ്യാസം എന്നിവ നൽകുന്നു.
- മാനസികവളർച്ചയില്ലാത്ത കുട്ടികൾക്ക് പരിഹാരബോധനം നൽകുന്നു.
- ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യപാഠ പുസ്തകം നൽകിവരുന്നു.
- ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ ഉച്ചഭക്ഷ പരിപാടി നടപ്പിലാക്കി വരുന്നു.
- പാഠ്യപദ്ധതി ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമാക്കി മാറ്റി.
- പാഠപുസ്തകങ്ങൾ നവീകരിച്ച് ശിശുകേന്ദ്രീകൃതവും പ്രവർത്തനാ-ധിഷ്ഠിതവുമാക്കി.
- സ്കൂളുകളിൽ വായനാമൂലകൾ സജ്ജീകരിച്ച് സ്കൂൾ ലൈബ്രറി ശാക്തീകരിക്കുവാൻ നടപടി സ്വീകരിച്ചു.
- സ്കൂൾ ലാബുകൾ നവീകരിക്കു-കയും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു.
- സ്കൂൾ സാധ്യായ ദിവസങ്ങൾ 200 ആക്കുന്നതിനുള്ള ശ്രമം നടത്തി.
- കുട്ടികൾക്ക് സ്കൂൾ പഠനസമയം 5 മണിക്കൂർ ലഭിക്കുന്നു.
- പി.ടി.എ.കളും എം.പി.ടി.എ.കളും സ്കൂൾ വികസനകാര്യത്തിൽ പങ്കെടുത്തുവരുന്നു.
- കുട്ടികളുടെ അവകാശ സംരക്ഷണത്തിന് രക്ഷിതാക്കൾക്ക് പരിശീലനം നൽകി വരുന്നു.
- പെൺകുട്ടികൾ, എസ്.സി/എസ്.ടി ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികൾ-ഇവരുടെ അക്കാദമികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ലിംഗവിവേചനം ഒഴിവാക്കുന്നതിനും ക്ലാസ്മുറികളിൽ ചോദ്യങ്ങൾ ചോദിക്കുന്നതിനും ഉത്തരങ്ങൾ തേടുന്നതിനും ക്ലാസിൽ എല്ലാ

കുട്ടികൾക്കും തുല്യ അവസരം നൽകുന്നതിനും അധ്യാപകർക്ക് പരിശീലനം നൽകി വരുന്നു.

- 2009-ലെ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമവും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| ബി) | ഐക്യരാഷ്ട്രസഭ അംഗീകരിച്ച് കുട്ടികളുടെ അവകാശ ഉടമ്പടിയിൽ കുട്ടികളുടെ ഏതെല്ലാം അവകാശങ്ങൾ സംരക്ഷിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | ബി) | താമസം, ഭക്ഷണം,ആരോഗ്യം എന്നിവ ഉറപ്പുവരുത്തുന്നതിനും വിദ്യാഭ്യാസത്തിനും കളികളിൽ ഏർപ്പെടാനും കഴിവുകൾ പരിപോഷി-പ്പിക്കാനുമുള്ള അവസരങ്ങൾ, പ്രത്യേക കഴിവുകളും നൈപുണികളും വികസിപ്പിക്കാനുള്ള സാഹചര്യങ്ങളും പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്താനും അഭിപ്രായം പ്രകടിപ്പിക്കാനും അവ പരിഗണിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും ഐക്യരാഷ്ട്രസഭ കുട്ടികളുടെ അവകാശപ്രഖ്യാപനത്തിൽ പരാമർശിക്കുന്നു. |
| സി) | സംഘടിക്കുന്നതിനും സമാധാനപരമായി കൂട്ടം കൂടുന്നതിനുമുള്ള കുട്ടികളുടെ അവകാശം വിദ്യാഭ്യാസ മേഖലയിൽ ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ; | സി) & ഡി) | സംഘടിക്കുന്നതിനും സമാധാനപരമായി കൂട്ടംകൂടുന്നതിനും നിലവിൽ കുട്ടികൾക്ക് അവകാശമുണ്ട്. |
| ഡി) | കുട്ടികളുടെ അവകാശം സംബന്ധിച്ച നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 555 — 23-07-2010-ൽ മറുപടിക്ക്

## കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.കാർത്തികേയൻ:<br>" വി.ഡി.സതീശൻ:<br>" ടി.എൻ.പ്രതാപൻ:<br>" വർക്കല കഹാർ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ നേതൃത്വത്തിൽ എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കി വരുന്നത്; | എ) സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസത്തിന്റെ മികവ് വർദ്ധിപ്പിക്കുന്നതിനായി കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ താഴെപ്പറയുന്ന സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.<br>1. സി.വി.രാമൻ സെന്റർ ഫോർ ബേസിക് ആസ്ട്രോണമിയും അതോടൊപ്പം 11 ഇഞ്ച് ടെലസ്കോപ്പോടുകൂടിയ ഒബ്സർവേറ്ററിയും ഒരു സ്മാർട്ട് ക്ലാസ്സ് റൂമും<br>2. ഒരു ഹാം റേഡിയോ സ്റ്റേഷനും അതോടൊപ്പം ഹാം റേഡിയോ പ്രവർത്തനത്തിന്റെ ഡമോൺസ്ട്രേഷനും അതിനോടനുബന്ധിച്ച് പരിശീലന ക്ലാസ്സുകളും<br>3. 5000ത്തിലധികം ശാസ്ത്ര പുസ്തകങ്ങളും 60ലധികം ശാസ്ത്രജേർണലുകളും ഗാർഡൻ റീഡിംഗ് സംവിധാനങ്ങളും ഇന്റർനെറ്റ് കണക്ടിവിറ്റിയുമുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ഗ്രന്ഥശാല.<br>4. കുട്ടികൾക്ക് സയൻസ് ലളിതമായും എളുപ്പത്തിലും മനസ്സിലാക്കാനുതകുന്ന ഒരു സയന്റിഫിക് ടോയ് സെന്റർ.<br>5. നാസയുമായി കരാർ ഒപ്പിട്ടതിന്റെ അടിസ്ഥാനത്തിൽ ഹബിൾ ടെലസ്കോപ്പും അതോടൊപ്പം ജ്രയിംസ് വെബ് ടെലസ്കോപ്പും എടുക്കുന്ന ചിത്രങ്ങളും ശാസ്ത്രസാങ്കേതിക മ്യൂസിയത്തിൽ അതാത് ദിവസങ്ങളിൽ ലഭ്യമാക്കി പ്രദർശിപ്പിക്കാനുതകുന്ന നവീന സംവിധാനങ്ങൾ;<br>6. കുട്ടികൾക്ക് സയൻസ് ഡ്രാമ, സാങ്കേതിക പ്രദർശനങ്ങൾ, യോഗങ്ങൾ മുതലായവ കൂടാൻ ഒരു പരിസ്ഥിതി സൗഹൃദ ആംഫി തിയറ്റർ |

| | |
|---|---|
| | 7. കുട്ടികളെ സ്കൂളിലും കോളേജിലും നേരിട്ട് ചെന്ന് ശാസ്ത്രത്തിൽ പ്രത്യേകിച്ച് ജ്യോതി ശാസ്ത്രത്തിൽ അഭിരുചി വളർത്തുന്നതിനായി വീഡിയോ ക്ലാസ്സുകളും പ്രദർശനങ്ങളും പരീക്ഷണ നിരീക്ഷണങ്ങളും നടത്തുവാനായി 2 മൊബൈൽ സയൻസ് ബസുകളും ആസ്ട്രോവാനും ഒരുക്കിയിട്ടുണ്ട്<br>8. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഗണിതശാസ്ത്രം എന്നീ അടിസ്ഥാന ശാസ്ത്രവിഷയങ്ങളിൽ പരീക്ഷണം നടത്താനുള്ള ലബോറട്ടറി സംവിധാനം |
| ബി) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പുതിയ റീജിയണൽ സെന്ററുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) പുതിയ റീജിയണൽ സെന്ററുകൾ സ്ഥാപിക്കാൻ വേണ്ടി കേന്ദ്രഗവൺമെന്റ് സഹായത്തോടെ പദ്ധതികൾ തയാറാക്കിവരുന്നു. അമ്പലപ്പുഴയിൽ ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ സഹായത്തോടെ കഴിഞ്ഞമാസം ലഭ്യമായ സ്ഥലത്ത് പ്രാരംഭനിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചാലക്കുടിയിൽ സ്ഥലം അനുവദിച്ചുകിട്ടാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. തൃശൂരിൽ കേന്ദ്രസഹായത്തോടെ ഒരു സയൻസ് സിറ്റി നിർമ്മിക്കാൻ വേണ്ട 30 ഏക്കർ സ്ഥലം കണ്ടെത്തിയിട്ടുള്ളത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇത്തരം റീജിയണൽ സെന്ററുകൾ സ്ഥാപിക്കുന്നത്; | സി) സംസ്ഥാനത്ത് അമ്പലപ്പുഴയിലും ചാലക്കുടിയിലും റീജിയണൽ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| ഡി) എന്തൊക്കെ പ്രവർത്തനങ്ങൾ ആണ് ഈ സെന്ററിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) റീജിയണൽ സയൻസ് സെന്ററുകളിൽ ശാസ്ത്രം പൊതുജനങ്ങൾക്ക് മനസിലാക്കി കൊടുക്കാവുന്നരീതിയിൽ ഗ്യാലറികൾ, മിനി ഒബ്സർവേറ്ററിയും ടെലസ്കോപ്പുകളും, മിനി പ്ലാനറ്റേറിയം, സയൻസ് പാർക്കുകൾ, അടിസ്ഥാന ശാസ്ത്ര പരീക്ഷണത്തിനായുള്ള ലബോറട്ടറികൾ, പരിഷ്കൃത ഗ്രന്ഥശാലകൾ, വർക്ക്ഷോപ്പുകൾ, എഡ്യൂസാറ്റ് ഉൾപ്പെടുന്ന സ്മാർട്ട് ക്ലാസ് റൂമുകൾ, ത്രീഡി തിയറ്ററുകൾ, ടാലന്റ് ഡവലപ്മെന്റ് കേന്ദ്രങ്ങൾ, അക്വേറിയം, ലേസേറിയം എന്നിവ നടപ്പിലാക്കാനുദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ.T 556

23.7.2010ൽ മറുപടിക്ക്

## പട്ടയം ഇല്ലാത്തതിനാൽ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സ്ഥിതി വിശേഷം

ചോദ്യം

ശ്രീ.എ.കെ..ചന്ദ്രൻ :

ശ്രീ.ബാബുപോൾ :

ശ്രീമതി.ഇ.എസ്.ബിജി മോൾ :

ശ്രീ.എൻ.രാജൻ :

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ

(റവന്യൂ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്ത-മായിട്ടുള്ള തോട്, പുഴ പുറമ്പോക്കുകളിൽ താമസിക്കു-ന്നവർക്ക് പട്ടയം ഇല്ലാത്തതിനാൽ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി, കൈവശക്കാർക്ക് പതിച്ചു നൽകുന്നതിനായി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കേണ്ട നടപടി സ്വീകരിക്കേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുമാണ്. |
| (ബി) | എങ്കിൽ ഈ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) | തോട്, പുഴ പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല. പട്ടയം നൽകുവാൻ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ട്. എങ്കിലും ഇത്തരം ഭൂമികളിൽ താമസിക്കുന്നവർക്ക് വാട്ടർ, വൈദ്യുതി കണക്ഷനുകൾ എടുക്കുന്നതിനും, റേഷൻ കാർഡ് മുതലായ ലഭിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി കൈവശരേഖ നൽകി വരുന്നു. |
| (സി) | ഇത്തരത്തിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ടോ ; | (സി) | ലഭിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത്തരം അപേക്ഷകളിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം വിശദമാക്കുമോ ? | (ഡി) | ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിന്മേൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും, കോടതിവിധികൾക്കും വിധേയമായി കൈവശാവകാശരേഖ നൽകുന്നതിന് അനുവാദം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 557 23-7-2010-ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സൗജന്യ യാത്ര

**ചോദ്യം** | **ഉത്തരം**

ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. എം.ജെ. ജേക്കബ്

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണ്; | (എ) യും (ബി) യും | എം.എൽ.എ.മാർ, മുൻ എം.എൽ.എ.മാർ, മുൻ മന്ത്രിമാർ, അർജ്ജുനാ അവാർഡ് ജേതാക്കൾ, 70 വയസ്സിനുമേൽ പ്രായമുള്ള മുൻ എം.എൽ.എ. മാരെ അനുഗമിക്കുന്നവർ, കെ.എസ്.ആർ.ടി.സി. മുൻ ഡയറക്ടർ ബോർഡ് അംഗങ്ങൾ, അന്ധർ, സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ തുടങ്ങിയവർക്ക് പൂർണ്ണമായി സൗജന്യയാത്ര അനുവദിച്ചു വരുന്നു. കൂടാതെ ജീവനക്കാർക്ക് നിബന്ധനകൾക്ക് വിധേയമായി പാസ് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ സൗജന്യം അനുവദിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) | ഇപ്പോൾ ഏതെല്ലാം വിഭാഗങ്ങൾക്കാണ് പൂർണ്ണമായി സൗജന്യ യാത്ര അനുവദിച്ചിട്ടുള്ളത്; | | |
| (സി) | അന്ധർ, ബധിരർ, മൂകർ എന്നിവർക്ക് സൗജന്യ യാത്ര അനുവദിക്കുന്നതിന്റെ നിബന്ധനകൾ എന്തെല്ലാമാണ്; | (സി) | രണ്ട് കണ്ണുകൾക്കും 100% അന്ധതയുള്ളവർക്കും, 50% -മോ അതിലധികമോ വൈകല്യം ഉള്ള ബധിര-മൂകർക്കും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ യാത്രാ പാസ് അനുവദിക്കാറുണ്ട്. |
| (ഡി) | വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്ന ഇനത്തിൽ പ്രതിവർഷം എന്തു | (ഡി) | വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് നൽകുന്ന ഇനത്തിൽ കെ.എസ്.ആർ.ടി.സി. ക്ക് പ്രതിവർഷം ശരാശരി അൻപത് |

| | | | |
|---|---|---|---|
| | തുകയുടെ ബാദ്ധ്യത കോർപ്പറേഷൻ ഏറ്റെടുക്കുന്നു എന്ന് വെളിപ്പെടുത്തുമോ; | | (50) കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. |
| (ഇ) | സാമൂഹ്യ ക്ഷേമത്തിന്റെ പേരിൽ ഇപ്രകാരം എത്ര കോടി രൂപയുടെ ബാദ്ധ്യത കോർപ്പറേഷന് ഉണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ; | (ഇ) | 2007-08 കാലയളവിൽ 105.05 കോടി രൂപയും, 2008-09 കാലയളവിൽ 117.60 കോടി രൂപയുടെയും നഷ്ടം സാമൂഹിക ക്ഷേമത്തിന്റെ പേരിൽ കെ.എസ്.ആർ.ടി.സിക്ക് ഉണ്ടായിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത തുക സർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (എഫ്) | സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ കെ.എസ്.ആർ.ടി.സിയ്ക്കുണ്ടാകുന്ന നഷ്ടം നികത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.558 23/07/2010-ൽ മറുപടിക്ക്

### സർവ്വകലാശാലകൾക്ക് വിദേശത്തു നിന്നും പ്രഗത്ഭരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എ.എ. ഷുക്കൂർ | | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ അധ്യാപകർക്ക് സംസ്ഥാനത്തിന് പുറത്ത് ഗവേഷണം നടത്തുന്നതിനും സംസ്ഥാനത്തിനു പുറത്തു നിന്നും വിദേശത്തു നിന്നും പ്രഗത്ഭരുടെ സേവനം സർവ്വകലാശാലകൾക്ക് ലഭ്യമാക്കുന്നതിനും പ്രത്യേക പരിഗണന നൽകുമോ; | (എ) | യു.ജി.സി യുടെ എഫ്. ഐ.പി സ്കീമിന്റെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തും ഗവേഷണം നടത്തുന്നതിന് അദ്ധ്യാപകർക്ക് സൗകര്യമുണ്ട്. സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള എറുഡൈറ്റ് സ്കീമിന്റെ ഭാഗമായി അന്യ സംസ്ഥാനങ്ങളിലും വിദേശത്തുമുള്ള പ്രഗൽഭരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. റ്റീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം വഴിയും മറ്റ് സംസ്ഥാനങ്ങളിലെ പ്രഗൽഭരായ അദ്ധ്യാപകരുടെ സേവനം സർവ്വകലാശാലകൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ഈ അദ്ധ്യയന വർഷം ഇതിനായി എന്തൊക്കെ കർമ്മ പരിപാടികൾ നടപ്പിലാക്കുമെന്ന് വിശദമാക്കുമോ; | (ബി) | രാജ്യത്തിനകത്തും പുറത്തുമുള്ള പണ്ഡിതരുമായി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സംവദിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയായ എറുഡേറ്റ് സ്കീമിനുവേണ്ടി 2010-11 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് രൂപീകൃതമായ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇക്കാര്യത്തിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | എറുഡൈറ്റ് സ്കീം റ്റീച്ചർ എക്സ്ചേഞ്ച് സ്കീം എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ചിട്ടുള്ളത് . |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 559 23-7-2010-ലെ മറുപടി

## കെ.എസ്.ആർ.ടി. സി. ജീവനക്കാരുടെ ക്ഷേമപദ്ധതികൾ

ചോദ്യം | ഉത്തരം

ശ്രീ. ജോർജ് എം. തോമസ്
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. പി. ജയരാജൻ
ശ്രീ. സി.കെ. സദാശിവൻ

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ക്ഷേമത്തിനായി കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ്; | (എ) | കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ ക്ഷേമത്തിനായി 1972-ൽ ഒരു ക്ഷേമനിധി ആരംഭിച്ചുവെങ്കിലും, കെ.എസ്.ആർ.ടി.സി. യുടെ മോശമായ സാമ്പത്തിക സ്ഥിതിയിൽ പ്രസ്തുത ക്ഷേമനിധി 2004 - ൽ നിർത്തലാക്കുകയുണ്ടായി. എന്നാൽ ഇപ്പോൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹായത്തോടെ ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കാനുള്ള ആലോചനകൾ നടന്നു വരുന്നു. |
| (ബി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഏതെല്ലാം ക്ഷേമ ഫണ്ടുകളിലേയ്ക്കുള്ള വിഹിതമാണ് പിടിക്കുന്നത്; | (ബി) | നിലവിൽ ഒരു വിഹിതവും പിടിക്കുന്നില്ല. |
| (സി) | സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി എന്നിവ കെ.എസ്.ആർ.ടി.സി ജീവനക്കാർക്കുകൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ആലോചിച്ചുവരുന്നു. |
| (ഡി) | ജീവനക്കാരുടെ പി. എഫ് നിക്ഷേപം വകമാറ്റി ചെലവാക്കിയതുമൂലം യഥാസമയം തിരികെ നൽകാൻ കഴിയാതിരുന്ന സാഹചര്യം | (ഡി) | ജീവനക്കാരുടെ പി.എഫ്. നിക്ഷേപം 1.4.2009 മുതൽ വകമാറ്റി ചെലവഴിക്കുന്നില്ല. മുൻകാലങ്ങളിൽ പി.എഫ്. തുക വകമാറ്റി ചെലവാക്കിയിരുന്നതുകൊണ്ട് പി.എഫ്. ഫണ്ട് തന്നെ |

| | | | |
|---|---|---|---|
| | ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | നിലവിൽ ഇല്ലായിരുന്നു. ലോണിനുവേണ്ടി അപേക്ഷ നൽകി വർഷങ്ങളോളം കാത്തിരിക്കേണ്ട സ്ഥിതിയായിരുന്നു. ജീവനക്കാരുടെ നിക്ഷേപം 1-4-2009 മുതൽ പി.എഫ്. ഫണ്ടിലേക്ക് തന്നെ നൽകി വരുന്നു. അതുകൊണ്ട് വായ്പ വിതരണത്തിന് കാലതാമസം വരുന്നില്ല. 31-3-2010-ൽ വിരമിച്ച ജീവനക്കാരുടെ പി.എഫ്. ക്ലോഷർ തുക ഇതിനകംതന്നെ കൊടുത്തു കഴിഞ്ഞു. ജീവനക്കാരുടെ പി.എഫ്. വിഹിതം പ്രത്യേക ഫണ്ടിൽ നിക്ഷേപിച്ചതുകാരണം വായ്പകൾ തൊട്ടടുത്ത മാസംതന്നെ വിതരണം ചെയ്യുവാൻ കഴിയുന്നു. മാത്രമല്ല, വായ്പ വിതരണം കഴിച്ച് 10 കോടിയോളം രൂപ സർക്കാർ സ്ഥാപനങ്ങളിൽ ഡിപ്പോസിറ്റ് ചെയ്യാനും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 560 23-7-2010-ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ന്യൂസ് ലെറ്റർ

**ചോദ്യം**

ശ്രീ. പി.ടി.എ. റഹീം
ശ്രീ. വി. ശശികുമാർ
ശ്രീ. എം.എം. മോനായി
ശ്രീ. സി.എച്ച്. കുഞ്ഞമ്പു

**ഉത്തരം**

ശ്രീ. ജോസ് തെറ്റയിൽ,
ഗതാഗത വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കെ.എസ്.ആർ.ടി.സി ന്യൂസ് ലെറ്റർ എന്ന പ്രസിദ്ധീകരണം ആരംഭിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ പ്രവർത്തനം, കോർപ്പറേഷൻ നേരിടുന്ന പ്രശ്നങ്ങൾ, അത്തരം പ്രശ്നങ്ങളെ നേരിടാനെടുക്കുന്ന നടപടികൾ, ബസ് ഗതാഗത രംഗത്തുള്ള മാറ്റങ്ങൾ, ശാസ്ത്രീയമായ കണ്ടുപിടിത്തങ്ങൾ, കോർപ്പറേഷൻ അതാതുസമയത്ത് ജീവനക്കാർക്ക് നൽകുന്ന ഉത്തരവുകൾ, അപകടം കുറയ്ക്കുന്നതിനും ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ എന്നിവ ജീവനക്കാർക്കും, മറ്റുള്ളവർക്കും പകർന്നു കൊടുക്കുകയും അതുവഴി ജീവനക്കാർക്ക് ബോധവൽക്കരണം സാധ്യമാക്കുകയും ചെയ്യുക എന്നതാണ് 'ന്യൂസ് ലെറ്റർ പ്രസിദ്ധീകരണത്തിന്റെ ഉദ്ദേശ്യം. |
| (ബി) | ന്യൂസ് ലെറ്ററിൽ, യാത്രക്കാരും ജീവനക്കാരും അറിഞ്ഞിരിക്കേണ്ട എന്തെല്ലാം വിവരങ്ങളാണ് ഉൾപ്പെടുത്തുന്നത്; | (ബി) | സർവ്വീസ് നടത്തുന്ന വേളയിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ജീവനക്കാർ അനുവർത്തിക്കേണ്ട കാര്യങ്ങൾ, വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ, പൊതുജനങ്ങളുമായുള്ള പെരുമാറ്റ രീതികൾ, പരാതികൾ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ, |

| | | | |
|---|---|---|---|
| | | | ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ, ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ബന്ധപ്പെടേണ്ട കെ.എസ്.ആർ.ടി.സിയിലെ ഉദ്യോഗസ്ഥരുടെ പേരും, ഫോൺ നമ്പരുകളും, പുതിയ നിയമനങ്ങൾ, കാലാകാലങ്ങളിൽ കോർപ്പറേഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, ഇന്ധനക്ഷമത ഉയർത്തുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും പ്രാവർത്തികമാക്കേണ്ട നിർദ്ദേശങ്ങൾ, ബസ് ഗതാഗത രംഗത്തുള്ള മാറ്റങ്ങൾ, ബസ് സർവ്വീസുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ, ജീവനക്കാരുടെ സ്തുത്യർഹമായ സേവനങ്ങൾ, അഭിനന്ദനാർഹരായ ജീവനക്കാരുടെ വിവരങ്ങൾ, കെ.എസ്.ആർ.ടി.സി ജീവനക്കാർ അറിഞ്ഞിരിക്കേണ്ടതും, പാലിക്കേണ്ടതുമായ പൊതു ഉത്തരവുകൾ, കാര്യക്ഷമമായ സർവ്വീസ് നടത്തിപ്പിനും അതുവഴി വരുമാന വർദ്ധനവിനും ഉതകുന്ന വിവരങ്ങൾ മുതലായവയാണ് ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | ബസ് ഗതാഗത രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ, കോർപ്പറേഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, ബസ് സർവ്വീസുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച പുതിയ വിവരങ്ങൾ ബുള്ളറ്റിനിൽ ഉൾപ്പെടുത്തുമോ; | (സി) | ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി.ക്ക് ഒരു മാന്വൽ | (ഡി) | കോർപ്പറേഷനിലെ വിവിധ വിഭാഗം ജീവനക്കാരിൽ സർവ്വീസ് |

| | | | |
|---|---|---|---|
| | ഉണ്ടാക്കുന്നതിനുള്ള . നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ; | | നടത്തിപ്പുമായി നേരിട്ട് ബന്ധപ്പെടുന്ന ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ ജോലിയും ഉത്തരവാദിത്വങ്ങളും 1953-ൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിൽ നടപ്പിലാക്കിയ മാന്വൽ പ്രകാരമാണ് നിർണ്ണയിച്ചിട്ടുള്ളത്. പലപ്പോഴും ജോലിയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് വ്യാപകമായ സംശയങ്ങൾ നിലനിന്നുപോരുകയും ചെയ്തിരുന്നു. അക്കാരണത്താൽ ജോലിയും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച് മലയാള ഭാഷയിൽ പരിഷ്ക്കരിച്ച മാന്വൽ തയ്യാറാക്കുന്നത് ആവശ്യമായിത്തീർന്നു. മാത്രമല്ല, മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് അടിസ്ഥാനപരമായ മാറ്റങ്ങളും അനിവാര്യമായി. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള മാന്വൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി മലയാള ഭാഷയിൽ തയ്യാറാക്കി അംഗീകൃത തൊഴിലാളി സംഘടനകളുമായി ആവശ്യമായ പ്രാഥമിക ആശയ വിനിമയം നടത്തി , ഇതര ജീവനക്കാരുടെയും സൂപ്പർവൈസറി വിഭാഗങ്ങളുടെയും ജോലിയും ഉത്തരവാദിത്വങ്ങളും കൂടി ക്രോഡീകരിച്ച് മാന്വൽ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ഇ) | കെ.എസ്.ആർ.ടി.സി ന്യൂസ് ലെറ്റർ ആകർഷകമായി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ? | | പ്രസിദ്ധീകരണം ആകർഷകമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 561** **23.07.2010 ൽ മറുപടിക്ക്.**

## സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണം

ചോദ്യം | മറുപടി

**ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്**
**ശ്രീ.വി.ശിവൻകുട്ടി**
**പ്രൊഫ.സി. രവീന്ദ്രനാഥ്**
**ശ്രീ.മുരളി പെരുനെല്ലി**

**ശ്രീ.എം.എ.ബേബി**
**(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി).**

(എ) സംസ്ഥാനത്തെ മൃഗശാലകളുടെ നവീകരണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ വ്യക്തമാക്കുമോ;

(എ) കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി 1997 മുതൽ തിരുവനന്തപുരം മൃഗശാലയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതുവരെ വിവിധയിനം കുരങ്ങുകൾ, കരടികൾ, കടുവ, സിംഹം , പുള്ളിപ്പുലി, നീർക്കുതിര, കാണ്ടാമൃഗം, ആന, മാനുകൾ ജിറാഫ്, സീബ്ര, കാട്ടാട്, ഒട്ടകപ്പക്ഷി, പാമ്പുകൾ, മയിൽ, പക്ഷികൾ എന്നിവയ്ക്ക് ആധുനിക രീതിയിലുള്ള പരിബന്ധനങ്ങൾ നിർമ്മിച്ചു കഴിഞ്ഞു. ആധുനിക രീതിയിലുള്ള ചികിത്സാ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് പുതിയ ആശുപത്രി കെട്ടിടവും അനുബന്ധ സജ്ജീകരണങ്ങളും നിർമ്മിച്ചു കഴിഞ്ഞു. മുതലകൾ, കാട്ടുപോത്ത്, എന്നിവയ്ക്കു വേണ്ടിയുള്ള ആധുനിക പരിബന്ധനങ്ങളുടെ പണി തുടങ്ങിയിട്ടുണ്ട്. 2009 മുതൽ 20 വർഷത്തേയ്ക്കുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് മറ്റുള്ള ജീവികൾക്കുള്ള ആധുനിക പരിബന്ധനങ്ങൾ മുൻഗണനാക്രമാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരുന്നു. തൃശ്ശൂരിലെ മൃഗശാലാ ആധുനിക രീതിയിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ

| | | | |
|---|---|---|---|
| | | | ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | മൃഗങ്ങളെ പാർപ്പിക്കുന്നതിനായി ആധുനിക രീതിയിലുള്ള വാസസ്ഥല ങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മൃഗങ്ങളെ പാർപ്പിക്കുന്നതിനായി ആധുനിക രീതിയിലുള്ള വാസസ്ഥല ങ്ങൾ എവിടെയൊക്കെ ആയിരിക്കണ മെന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അതിൻെറ അടിസ്ഥാന ത്തിൽ പ്ലാൻ ഫണ്ട് വിനിയോഗിച്ചു കൊണ്ട് മുൻഗണനാക്രമത്തിൽ നിർമ്മി ക്കുന്നതിന് പദ്ധതികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. |
| (സി) | തിരുവനന്തപുരം മൃഗശാലയിലെ കുളങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; | (സി) | തിരുവനന്തപുരം മൃഗശാലയിലെ കുളങ്ങളിലെ ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തു കഴിഞ്ഞു. കുളത്തിൻെറ പാർശ്വഭിത്തികളിൽ പുല്ലുകൾ നട്ടുപിടിപ്പിച്ച് മോടി പിടിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി. ചെറിയ കുളം ജലപക്ഷികൾക്കുള്ള ആവാസ കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വലിയ കുളത്തിൻെറ ചുറ്റുമുള്ളസ്ഥലങ്ങളിൽ നവീകരണ പുനരുദ്ധാരണ പ്രവർത്തന ങ്ങളുമായി ബന്ധപ്പെട്ടുള്ള അനുബന്ധ ജോലികൾ പൂർത്തിയാക്കി വരുന്നു. |
| (ഡി) | മൃഗശാലകൾ കൂടുതൽ ആകർഷക മാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | തിരുവനന്തപുരം മൃഗശാല കൂടുതൽ ആകർഷകമാക്കുന്നതിനായി 2010 മാർച്ച് മാസത്തിൽ 21 ജോഡി വിവിധയിനം വിദേശപക്ഷികളെ വാങ്ങുകയുണ്ടായി. കൂടുതൽ പക്ഷിമൃഗാദികളെ മൃഗശാലയിൽ കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. കൂടാതെ സന്ദർശകർക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഇ) | മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റുന്ന തിനുള്ള നടപടികൾ സെൻട്രൽ സൂ അതോറിറ്റി അംഗീകരിച്ചതിൻേറയും, ഈ പ്രവൃത്തി 1980 ലെ വന (സംരക്ഷണ) ആക്ടിലെ ചട്ടങ്ങളുടെ ലംഘനമാ വില്ലെന്ന് കേന്ദ്ര |

വനം പരിസ്ഥിതി മന്ത്രാലയം അറിയിച്ചതിന്റെയും വെളിച്ചത്തിൽ 124 ഹെക്ടർ ഭൂമി മൃഗശാലാ മാറ്റി സ്ഥാപിക്കുന്നതിനായി സാംസ്കാരിക വകുപ്പിന് അനുവദിച്ചുകൊണ്ട് റവന്യൂ വകുപ്പ് 16.5.2009-ൽ ഉത്തരവായിട്ടുണ്ട്. എന്നാൽ 22.6.2010-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കത്തിൽ വനഭൂമിയിൽ മൃഗശാല സ്ഥാപിക്കുന്നത് ഒരു വനവൽക്കരണ പ്രവർത്തന മല്ലെന്നും, ആകയാൽ 1980-ലെ വന സംരക്ഷണ നിയമം ബാധകമാണെന്നും അറിയിച്ചിരിക്കുന്നു. അതുകൊണ്ട് വനം മന്ത്രാലയത്തിന്റെ അനുമതി നേടി മൃഗശാലാ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 562 23/07/2010-ൽ മറുപടിക്ക്

## കുട്ടികളുടെ കാനേഷുമാരി

**ചോദ്യം**
ശ്രീ. എ. എം. യൂസഫ് :
,, ബി. ഡി. ദേവസ്സി :
,, എം. ജെ. ജേക്കബ് :
,, എസ്. രാജേന്ദ്രൻ :

**ഉത്തരം**
ശ്രീ. എം.എ.ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | 18 വയസ്സുവരെയുള്ള കുട്ടികളെ സംബന്ധിച്ച സമഗ്ര വിവര ശേഖരത്തിനായി നടത്തിയ കാനേഷുമാരി പൂർത്തിയായിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കുട്ടികളെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്; | ബി) | പേര്, ജനനത്തീയതി, മേൽവിലാസം, രക്ഷിതാക്കളെ സംബന്ധിച്ച വിവരങ്ങൾ, പഞ്ചായത്ത്, വാർഡ്, ജാതി, മതം, മാതൃഭാഷ, പഠിക്കുകയാണെങ്കിൽ വിദ്യാലയത്തിന്റെ പേര്, സ്റ്റാൻഡേർഡ്, തോൽവി/ജയം, കാറ്റഗറി (എസ്.സി./എസ്.ടി., ഒ.ബി.സി. മുതലായവ), പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ (ഡിസേബ്ൾഡ്), എ.പി.എൽ./ബി.പി.എൽ. സ്റ്റാറ്റസ്, താമസസ്ഥലത്തിനടുത്ത വിദ്യാലയത്തിലാണോ പഠിക്കുന്നത് തുടങ്ങിയ വിവരങ്ങളാണ് ശേഖരിച്ചത്. സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന്റെ കണക്ക്, കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ എന്നീ വിവരങ്ങളും ശേഖരിച്ചു. |
| സി) | കാനേഷുമാരി ഏത് ഏജൻസി മുഖാന്തിരമാണ് നടത്തിയത്; | സി) | തദ്ദേശഭരണസ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ വകുപ്പിന്റേയും സംയുക്ത പ്രവർത്തനമായിട്ടാണ് കുട്ടികളുടെ കാനേഷുമാരി നടന്നത്. കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ സർവ്വ ശിക്ഷാ അഭിയാൻ നേരിട്ടാണ് കാനേഷുമാരി നടത്തിയത്. തദ്ദേശസ്വയംഭരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഐ.കെ.എം. (ഇൻഫർമേഷൻ കേരള മിഷൻ) എന്ന സ്ഥാപനമാണ് ചൈൽഡ് സെൻസസിനുള്ള സാങ്കേതിക സഹായം നൽകിയത്. |

| | | | |
|---|---|---|---|
| ഡി) | കാനേഷുമാരിയിൽ നിന്നും ലഭിച്ച പ്രധാന വിവരങ്ങൾ എന്തെല്ലാമാണ്; | ഡി) | ഉപചോദ്യം 'ബി' യുടെ ഉത്തരത്തിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളാണ് ലഭിച്ചത്. |
| ഇ) | കാനേഷുമാരി റിപ്പോർട്ട് എന്ന് പ്രസിദ്ധീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | ഇ) | കാനേഷുമാരിയുടെ റിപ്പോർട്ട് 05-07-2008-ന് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. റിപ്പോർട്ട് www.ikm.gov.in/ssa web എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. |

Ashama

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *563 23.07.2010 ൽ മറുപടിക്ക്

**സംസ്ഥാന സർവ്വവിജ്ഞാന കോശ പ്രസാധക ഇൻസ്റ്റിറ്റ്യൂട്ട്**

**ചോദ്യം**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീ. കെ. ശിവദാസൻ നായർ

**മറുപടി**

ശ്രീ.എം.എ.ബേബി
(ബഹു:വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി)

എ) സംസ്ഥാന സർവ്വവിജ്ഞാന കോശ പ്രസാധക ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷം ഏതൊക്കെ വാല്യങ്ങളുടെ പ്രസിദ്ധീകരണം നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

എ)
1. സർവ്വവിജ്ഞാന കോശം വാല്യം 15.
2. സർവ്വവിജ്ഞാന കോശം വാല്യം 3 (പരിഷ്കരിച്ച പതിപ്പ്)
3. സർവ്വവിജ്ഞാന കോശം വാല്യം 6 (പരിഷ്കരിച്ച പതിപ്പ്)
4. സർവ്വവിജ്ഞാന കോശം വാല്യം 10 (പരിഷ്കരിച്ച പതിപ്പ്)
5. പരിസ്ഥിതി വിജ്ഞാന കോശം (പരിഷ്കരിച്ച പതിപ്പ്)
6. വിജ്ഞാനം 2010(ഇയർ ബുക്ക്)
7. കൂടാതെ സർവ്വവിജ്ഞാന കോശം വാല്യം 16, വിശ്വ സാഹിത്യ വിജ്ഞാന കോശം വാല്യം 8, സർവ്വവിജ്ഞാന കോശം വാല്യം 7 (പരിഷ്കരിച്ച പതിപ്പ്) എന്നീ വാല്യങ്ങളുടെ ജോലികളും പുരോഗമിക്കുന്നു.

ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്;

ബി) വിദഗ്ധ എഴുത്തുകാരെ കണ്ടെത്താൻ 30 പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ചതുർദിന ശിൽപ്പശാല 2010 ജൂലൈ 27 മുതൽ 30 വരെ നടത്തുന്നു.

വിജ്ഞാന കോശങ്ങളുടെ വെബ്ബ് പതിപ്പ് കൂടുതൽ ആകർഷകമാക്കാൻ പദ്ധതി തയ്യാറാക്കി വരുന്നു.

സ്കൂൾ കുട്ടികൾക്ക് വേണ്ടി ബാലവിജ്ഞാന കോശങ്ങൾ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു.

സി) ഇവിടെ ഒരു നോളഡ്ജ് റിപ്പോസിറി സെന്റർ കൂടി ആരംഭിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

സി) ഇൻസ്റ്റിറ്റ്യൂട്ട് ഒരു നോളഡ്ജ് റിപ്പോസിട്ടറി സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനായി കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന് 6 കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചിരുന്നുവെങ്കിലും അത്രയും തുക ലഭ്യമാക്കാൻ കഴിയില്ല എന്ന് അറിയിച്ചിരുന്നതിനാൽ ഘട്ടംഘട്ടമായി റിപ്പോസിട്ടറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ആദ്യ ഘട്ടത്തിന്നുള്ള പ്രോജക്ട് കേന്ദ്ര മാനവ വിഭവ ശേഷി വികസന മന്ത്രാലയത്തിന് തന്നെ പുന:സമർപ്പിക്കുന്നതാണ്.

ഡി) എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രസ്തുത സെന്ററിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

ഡി) ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തകർക്കും പുറത്തുനിന്നുള്ള വിജ്ഞാന കുതുകികൾക്കും ഗവേഷകർക്കും ഗ്രന്ഥരചയിതാക്കൾക്കും എല്ലാം ആവശ്യമായ വിജ്ഞാനവും വിവരവും യഥേഷ്ടം ലഭ്യമാകും വിധം ഒരു വിജ്ഞാന കേന്ദ്രമാക്കി ഇൻസ്റ്റിറ്റ്യൂട്ടിനെ മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൈവശമുള്ള 25,000 ത്തോളം വിലപ്പെട്ട ഗ്രന്ഥങ്ങളും മറ്റു വിധത്തിൽ ലഭ്യമാകുന്ന അപൂർവ്വ ഗ്രന്ഥങ്ങളും ഓൺ ലൈനായി സബ്സ്ക്രൈബ് ചെയ്യുന്ന മാസികകളും ഡിജിറ്റൈസ് ചെയ്ത് ലഭ്യമാക്കാൻ കഴിയും. വിദേശ നാണ്യം നൽകിയാൽ മാത്രം ലഭ്യമാക്കാൻ കഴിയുന്ന ഗവേഷണ പ്രബന്ധങ്ങളും റിപ്പോസിട്ടറി വഴി ലഭ്യമാക്കാൻ സാധിക്കും. രാവിലെ 8 മണി മുതൽ രാത്രി 10 മണി വരെ പ്രവർത്തിക്കുന്ന ഒരു വിജ്ഞാന കേന്ദ്രമാണ് ഉദ്ദേശിക്കുന്നത്.

ഇ) പ്രസ്തുത കേന്ദ്രത്തിൻെറ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഇ) നോളഡ്ജ് റിപ്പോസിറി സെന്ററിന്റെ പ്രവർത്തനം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ. 564 | 23.7.2010 ൽ<br>മറുപടിക്ക് |

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ജയരാജൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. കെ.ടി. ജലീൽ | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരികവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്നതു സംബന്ധിച്ച് ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | എ) | ഉണ്ട്. ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ ന്യൂനപക്ഷ കമ്മീഷൻ ന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ വിശദാംശം നൽകുമോ | ബി) | സുപ്രീംകോടതിയിലെ സ്റ്റാന്റിങ് കൗൺസിലിനോട് ഇത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ചു നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ | സി) & (ഡി) | 2006 ലെ കേരള പ്രൊഫഷണൽ കോളേജസ് ആക്ടിലെ 8 (എ).(ബി).(സി). വകുപ്പുകൾ പ്രകാരം പ്രൊഫഷണൽ കൊളേജുകൾക്ക് ന്യൂനപക്ഷ പദവി നൽകുന്നതിനു വേണ്ടിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. എന്നാൽ ബഹു.ഹൈക്കോടതി 8(ബി), (സി) വകുപ്പുകൾ റദ്ദാക്കുകയുണ്ടായി. ഇതിനെതിരെ സുപ്രീംകോടതിയിൽ കേരള സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. എസ്.എൽ.പി.യിൽ സ്റ്റേ ലഭിച്ചിട്ടില്ലായെങ്കിലും ഈ വിഷയത്തിൽ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്തമായ നിലപാട് സർക്കാരിനില്ല. |

| | |
|---|---|
| ഡി) ന്യൂനപക്ഷ സ്ഥാപനങ്ങളിൽ ആ സമുദായ ത്തിന്റെ എത്ര ശതമാനം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകണമെന്നാണ് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. | |
| ഇ) വിവിധതലത്തിൽ സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി ലഭിച്ചിട്ടുണ്ട്. | ഇ) സുപ്രീംകോടതിയിലെ സ്റ്റാന്റിങ് കൗൺസിലിനോട് ഇത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ചു നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| എഫ്) ന്യൂനപക്ഷപദവി ലഭിച്ച സ്ഥാപനങ്ങൾക്കുള്ള പ്രത്യേകാവകാശങ്ങൾ എന്തെല്ലാമാണ് | എഫ്) ഭരണഘടന അനുശാസിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ വിവിധ കോടതിവിധികൾ പ്രകാരം വ്യാഖ്യാനിച്ചിട്ടുള്ളതുമായ അവകാശങ്ങളാണ് ന്യൂനപക്ഷ പദവി ലഭിച്ച സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നത്. |

Sd/-

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 565 23/07/2010-ൽ മറുപടിക്ക്

## ആദിവാസിമേഖലകളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി

ചോദ്യം

ശ്രീ. കെ. സി. ജോസഫ് :

,, അടൂർ പ്രകാശ് :

,, എ. പി. അനിൽ കുമാർ :

ഉത്തരം

ശ്രീ. എം.എ.ബേബി

(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ആദിവാസിമേഖലകളിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എസ്.എസ്.എ.യുടെ ആഭിമുഖ്യത്തിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) | ആദിവാസി മേഖലകളിലെ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന് എസ്.എസ്.എ.യിൽ പ്രത്യേക പദ്ധതിയൊന്നും നിലവിലില്ല. എന്നാൽ ആദിവാസി മേഖലകളിൽ ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന 'പഠിത്ത വീട്' എന്ന സംരംഭത്തിലൂടെ ഏതൊക്കെ ജില്ലകളിലെ ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) | ആദിവാസി മേഖലയിൽ 'പഠിത്ത വീട്' എന്ന സംരംഭം നടപ്പിലാക്കിയിട്ടില്ല. വീടുകളിൽ വേണ്ടത്ര പഠനാന്തരീക്ഷവും പഠനസാഹചര്യവും ഇല്ലാത്ത മുഖ്യധാരാ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ക്ലാസ്സിലെ പഠനപ്രവർത്തനങ്ങളുടെ തുടർച്ചയായ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും സർഗാത്മകമായ ശേഷികൾ വികസിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന പ്രാദേശിക സംരംഭമാണ് പഠനവീടുകൾ. ആദിവാസി മേഖലയിൽ മാത്രമായി 'പഠന വീട്' എന്ന സംരംഭം നടപ്പിലാക്കിയിട്ടില്ല. |
| സി) | ഈ അദ്ധ്യയനവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി എന്തു തുക ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | സി) | പഠന വീട് എന്ന സംരംഭം നടപ്പിലാക്കാനായി 2010-11 വർഷം എസ്.എസ്.എ.യുടെ എസ്.സി./എസ്.റ്റി. ഇൻ്റർവെൻഷൻ പ്രകാരം 10,000/- രൂപ വീതം നിലവിലുള്ള 606 പഠനവീടുകൾക്കായി മൊത്തം 60.6 ലക്ഷം രൂപയും പുതിയ പഠനവീടുകൾക്കായി 15,000/- രൂപ വീതം 639 പഠനവീടുകൾക്കായി മൊത്തം 95.85 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. കൂടാതെ മൈനോരിറ്റി എഡ്യൂക്കേഷൻ ഇൻ്റർവെൻഷൻ പ്രകാരം നിലവിലുള്ള പഠനവീടുകൾക്കായി 10,000/- രൂപ |

→

| | | | |
|---|---|---|---|
| | | | നിരക്കിൽ 162 പഠനവീടുകൾക്കായി 16.20 ലക്ഷം രൂപയും പുതിയ പഠനവീടുകൾക്കായി 15,000/- രൂപ നിരക്കിൽ 373 എണ്ണത്തിന് 55.95 ലക്ഷം രൂപയും വക കൊള്ളിച്ചിട്ടുണ്ട്.<br>ബദൽ വിദ്യാലയങ്ങളുടെ പ്രവർത്തന ത്തിനായി 2010-11 വാർഷിക പദ്ധതിയിൽ 85.91 ലക്ഷം രൂപ 2010 ജൂൺ വരെ അനുവദിച്ചിട്ടുണ്ട്. |
| ഡി) | പദ്ധതിയുടെ നടത്തിപ്പിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശമുണ്ടോ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

Khama

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 566 — 23-07-2010-ൽ മറുപടിക്ക്

കേരള സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്:<br>ശ്രീമതി.ജെ.അരുന്ധതി:<br>ശ്രീ.വി.ജെ.തങ്കപ്പൻ:<br>" ആനത്തലവട്ടം ആനന്ദൻ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) ഈ വർഷം കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ എന്തെല്ലാം വിപുലീകരണ പദ്ധതികളാണ് പരിഗണനയിലുള്ളത്; | എ) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ താഴെക്കൊടുത്തിരിക്കുന്ന വിപുലീകരണ പ്രവർത്തനങ്ങളാണ് പരിഗണനയിലുള്ളത്.<br>1. മൾട്ടീകളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുക<br>2. സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക<br>3. മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡിവിഷൻ ആരംഭിക്കുക<br>4. കമ്പ്യൂട്ടർ സ്റ്റേഷനറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുക.<br>5. ബ്രയിൽ പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക.<br>6. ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക.<br>7. വെബ് ഓഫ്സെറ്റ് മെഷീൻ മന്ദിരം നിർമ്മിക്കുക<br>8. വിവിധ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക. |
| ബി) പ്രിന്റിംഗ്, റിപ്രോഗ്രാഫിക് എന്നിവയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ താഴെക്കൊടുത്തിരിക്കുന്ന പ്രിന്റിംഗ്, റിപ്രോഗ്രാഫിക് കോഴ്സുകൾ നടത്തുന്നുണ്ട്<br>1. സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി - 1 വർഷം<br>2. ഡിപ്ലോമാ ഇൻ മൾട്ടീമീഡിയ - 1 വർഷം |

| | |
|---|---|
| | 3. ഡിപ്ലോമാ ഇൻ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആന്റ് നെറ്റ്‌വർക്കിംഗ് - 1 വർഷം<br>4. ഡിപ്ലോമാ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ - 1 വർഷം<br>5. അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് ഇൻ ഓഫ്‌സെറ്റ് പ്രിന്റിംഗ് - 6 മാസം<br>6. ഡിപ്ലോമാ ഇൻ പ്രൊഫഷണൽ ഗ്രാഫിക് ഡിസൈനിംഗ് - 6 മാസം<br>7. കമ്പ്യൂട്ടർ ആന്റ് ഡി.റ്റി.പി. ഓപ്പറേഷൻ - 6 മാസം<br>8. അഡ്വാൻസ്ഡ് മൾട്ടിമീഡിയ - 4 മാസം<br>9. കമ്പ്യൂട്ടർ ഹാർഡ് വെയർ ആന്റ് നെറ്റ്‌വർക്കിംഗ് - 4 മാസം<br>10. ഡിജിറ്റൽ വീഡിയോഗ്രാഫി ആന്റ് നോൺ ലീനിയർ വീഡിയോ എഡിറ്റിംഗ് - 3 മാസം<br>11. മൊബൈൽ ഫോൺ സർവീസിംഗ് - 3 മാസം<br>12. ഡോട്ട്നെറ്റ് ടെക്നോളജി - 3 മാസം<br>13. ട്രെയിനിംഗ് ഇൻ ഡി.റ്റി.പി. - 3 മാസം |
| സി) റിപ്രോഗ്രാഫിക് സെന്ററിന് കൂടുതൽ സ്ഥലങ്ങളിൽ സബ്സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) ഇല്ല. |
| ഡി) റിപ്രോഗ്രാഫിക് സെന്ററിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ? | ഡി) 31-03-2009- ലെ ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട് പ്രകാരം 2008-09- ലെ ലാഭം 247.02 ലക്ഷം രൂപയും സഞ്ചിത നഷ്ടം 18.08 കോടി രൂപയുമാണ്. 2009-10-ലെ പ്രൊവിഷണൽ ലാഭം 397.64 ലക്ഷം രൂപയാണ്. |

(signature)
സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 567 — 23.07.2010-ൽ മറുപടിക്ക്

### കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ | ശ്രീ.എം.എ. ബേബി<br>( വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി ) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എത്ര കുട്ടികൾ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട് ; | (ബി) | 1,68,000 കുട്ടികൾ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട് |
| (സി) | എൻ.എസ്.എസ്. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | (സി) | ക്ലാസ് മുറികളിൽ നിന്ന് ലഭിക്കുന്ന അറിവിനുപരി മനുഷ്യരുടെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിന് നാഷണൽ സർവ്വീസ് സ്കീം പ്രവർത്തനങ്ങൾ സഹായിക്കുന്നു. തൊഴിലിന്റെ മഹത്വം വിദ്യാർത്ഥികളെ മനസ്സിലാക്കിക്കുന്നതിനും അവരിൽ സാമൂഹിക പ്രതിബദ്ധത, സേവന സന്നദ്ധത, അർപ്പണ മനോഭാവം, അച്ചടക്കം തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും എൻ.എസ്.എസ്. പ്രവർത്തനങ്ങൾ സഹായിക്കുന്നു. തനിച്ചോ സംഘമായോ കോളേജ് ക്യാമ്പസിലോ സമൂഹത്തിലോ പ്രോഗ്രാം ഓഫീസറുടെ നിർദ്ദേശത്തിലും നേതൃത്വത്തിലും ചെയ്യാവുന്ന എല്ലാ സേവന പ്രവർത്തനവും നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങളാണ്. എൻ.എസ്.എസ്. പ്രവർത്തന |

ങ്ങളെ പൊതുവായി റഗുല
പ്രോഗ്രാം, ഏഴു ദിവസത്തെ
പ്രത്യേക സഹവാസ ക്യാമ്പ് എന്ന
ങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു
വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
പരിസ്ഥിതി ബോധവൽക്കരണ പ്രവ
ർത്തനങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ
പ്രവർത്തനങ്ങൾ, കാർഷിക പ്രവർ
ത്തനങ്ങൾ, സാംസ്ക്കാരിക പരിപാടി
കൾ, പൊതുജന പങ്കാളിത്തത്തോടെ
നടപ്പാക്കാവുന്ന നിർമ്മാണ പദ്ധതി
കൾ, ദേശീയ ദിനാഘോഷങ്ങൾ
ആചരിക്കുക തുടങ്ങിയവയാണ്
എൻ.എസ്.എസ്.-ന്റെ പ്രധാന
പ്രവർത്തനങ്ങൾ.

| | | | |
|---|---|---|---|
| (ഡി) | സാക്ഷരതാ പ്രവർത്തനത്തിനായി എൻ.എസ്.എസ്. പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (ഡി) | ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ഇ) | നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് അംഗങ്ങൾക്ക് കൂടുതൽ അവസരങ്ങൾ നൽകുമോ ; | (ഇ) | നൽകുന്നുണ്ട്. |
| (എഫ്) | മദ്യത്തിനും മയക്ക് മരുന്നിനും എതിരെയുള്ള ബോധവൽക്കരണ പരിപാടികൾ എൻ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | മദ്യത്തിനും മയക്ക് മരുന്നിനും എതി രെ നിരവധി ബോധവൽക്കരണ പരി പാടികൾ കലാലയങ്ങളിലും ദത്തെ ടുത്ത ഗ്രാമപ്രദേശങ്ങളിലും പൊതു സ്ഥലങ്ങളിലും എൻ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നുണ്ട്. |

Mary Joseph
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 568 | 23.7.2010 ൽ മറുപടിക്ക്.

## ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. ബാബു. എം. പാലിശ്ശേരി:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സാജു പോൾ :
ശ്രീ. വി.ജെ. തങ്കപ്പൻ:

**മറുപടി**

ശ്രീ. എം.എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരികകാര്യവും
വകുപ്പ് മന്ത്രി.)

(എ) ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(എ) ചലച്ചിത്ര ടെലിവിഷൻ മാധ്യമ സംബന്ധമായ നയരൂപീകരണത്തിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക, ഫിലിം ഫെസ്റ്റിവൽ ഡയറക്ടറേറ്റ് രൂപീകരിക്കുക. സംസ്ഥാന സർക്കാരിനു വേണ്ടി ചലച്ചിത്ര ടെലിവിഷൻ അവാർഡുകളുടെ നിർണ്ണയവും വിതരണവും എല്ലാ വർഷവും സംഘടിപ്പിക്കുക, ദേശീയ അന്തർദേശീയ ചലച്ചിത്ര മേളകൾ സംഘടിപ്പിക്കുക, ദൃശ്യ ശ്രാവ്യ ലൈബ്രറി രൂപീകരിക്കുക, ഉന്നത നിലവാരമുള്ള ചലച്ചിത്ര ടെലിവിഷൻ സംരംഭങ്ങളെ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക, ഫിലിം സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കുക, സിനിമ സംബന്ധിച്ച കോഴ്സുകളും ഗവേഷണ സൗകര്യങ്ങളും ഏർപ്പെടുത്തുക, ടൂറിംഗ് ടാക്കീസ് പരിപാടിയിലൂടെ നല്ല സിനിമകൾ പ്രചരിപ്പിക്കുക, ഫെലോഷിപ്പ്, സിനികലാകാരന്മാർക്ക് പെൻഷനും ക്ഷേമപദ്ധതികളും നടപ്പാക്കുക, എന്നിവയാണ് അക്കാദമിയുടെ പ്രധാന പ്രവർത്തന മേഖലകൾ.

| | | | |
|---|---|---|---|
| (ബി) | അക്കാദമിയിലെ പഠന-ഗവേഷണ സംരംഭങ്ങൾ എന്തെല്ലാമാണ്; | (ബി) | മലയാള സിനിമയുടെ വിവിധ തലങ്ങളെ സ്പർശിക്കുന്ന പഠനങ്ങൾക്കായി തിരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് ഫെലോഷിപ്പുകൾ നൽകി വരുന്നു. ഓരോ വർഷവും ഇതിനായി അഞ്ച് പേരെ വീതം തെരഞ്ഞെടുക്കുന്നു. ഇതിനു പുറമേ അദ്ധ്യാപകർക്കും സ്കൂൾ കുട്ടികൾക്കും ചലച്ചിത്രാസ്വാദന കോഴ്സുകൾ പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നടത്തുന്നു. |
| (സി) | തൊഴിൽ സാധ്യതയുള്ളതും കലാമൂല്യമുള്ളതുമായ സൃഷ്ടികൾക്ക് പ്രാപ്തി നൽകുന്നതുമായ വിവിധ കോഴ്സുകൾ അക്കാദമിയിൽ ആരംഭിക്കുമോ; | (സി) | അക്കാഡമിയുടെ നേതൃത്വത്തിൽ ചെറുതും വലുതുമായ സിനിമാ പഠന കോഴ്സുകൾ നടത്തുന്നതിനായുള്ള ഒരു ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാരംഭ നടപടികൾ പൂർത്തിയാക്കികൊണ്ടിരിക്കുകയാണ്. |
| (ഡി) | കുട്ടികളുടെ സിനിമകൾ കൂടുതലായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കുട്ടികളുടെ സിനിമ നിർമ്മാണത്തിനും ഉദ്ഗ്രഥനത്തിനുമായി ഉപദേശങ്ങൾ നൽകുന്നതിനായി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 569 — 23-07-2010-ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ആഡിയോവിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ:<br>" എം.എ.വാഹീദ്:<br>" ടി.എൻ.പ്രതാപൻ:<br>" പി.സി.വിഷ്ണുനാഥ്: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| എ) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ വർഷം എന്തൊക്കെ പുതിയ പദ്ധതികളാണ് ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | എ) കേരളാ സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെക്കൊടുത്തിരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്<br>1. മൾട്ടീകളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുക<br>2. സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക<br>3. മാർക്കറ്റിംഗ് ആന്റ് സെയിൽസ് ഡിവിഷൻ ആരംഭിക്കുക<br>4. കമ്പ്യൂട്ടർ സ്റ്റേഷനറി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുക.<br>5. ബ്രെയിൽ പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക.<br>6. ടെക്സ്റ്റ് ബുക്ക് പ്രിന്റിംഗ് യൂണിറ്റ് വിപുലീകരിക്കുക.<br>7. വെബ് ഓഫ്സെറ്റ് മെഷീൻ മന്ദിരം നിർമ്മിക്കുക<br>8. വിവിധ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക |
| ബി) ഇവിടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സുരക്ഷാ അച്ചടി യൂണിറ്റിന്റെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്; | ബി) 28-08-2009-ലാണ് സുരക്ഷാ അച്ചടി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചത്. |

| | |
|---|---|
| സി) ഈ യൂണിറ്റിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് എന്തൊക്കെ ആധുനിക യന്ത്രസാമഗ്രികളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്; | സി) ഒരു വിദേശ നിർമ്മിത മൾട്ടീകളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീൻ ബാർകോഡ് ഉൾപ്പെടെയുള്ള നമ്പർ ഓരോ ഷീറ്റിലും വെവ്വേറെ അച്ചടിക്കുവാനുള്ള രണ്ട് വേരിയബിൾ ഡേറ്റാ പ്രിന്റർ, രണ്ട് പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ എന്നീ അത്യാധുനിക യന്ത്ര സാമഗ്രികളും ക്യാമറാ നിരീക്ഷണ സംവിധാനങ്ങളും ബയോമെട്രിക് പ്രവേശന നിയന്ത്രണ സംവിധാനങ്ങളും സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റിനെ ഒരു മികവിന്റെ കേന്ദ്രമാക്കുന്നതിന് സ്ഥാപിച്ചിട്ടുണ്ട്. |
| ഡി) ഇതിനായി എന്തൊക്കെ വിദേശനിർമ്മിത ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്; | ഡി) ജപ്പാൻ നിർമ്മിത മിത്സുബിഷി മൾട്ടീകളർ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീൻ, ചൈനയിൽ നിർമ്മിച്ച സിറോക്സ് വേരിയബിൾ ഡേറ്റാ പ്രിന്റർ. എന്നീ വിദേശ നിർമ്മിത ഉപകരണങ്ങൾ സ്റ്റോർപർച്ചേസ് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വാങ്ങിയിട്ടുണ്ട്. |
| ഇ) ഈ യൂണിറ്റിന്റെ നിർമ്മാണത്തിനായി ആകെ എന്തുതുക ചെലവഴിച്ചു; | ഇ) ഈ യൂണിറ്റിന്റെ നിർമ്മാണത്തിനായി ആകെ 3,74,98,553/- രൂപ ചെലവഴിച്ചു. |
| എഫ്) ഇനിയും എന്തൊക്കെ സജ്ജീകരണങ്ങളാണ് ഇവിടെ ഏർപ്പെടുത്താനുള്ളത്; | എഫ്) പ്രിന്റിംഗിന് ആവശ്യമായ പ്ലേറ്റ് എടുക്കുവാനുള്ള കമ്പ്യൂട്ടർ റ്റു പ്ലേറ്റ് (സി.ടി.പി) സംവിധാനവും, ഒരു മൾട്ടീകളർ വെബ് ഓഫ്സെറ്റ് മെഷീനും ഓട്ടോമാറ്റിക് ബൈൻഡിംഗ്, ഫോൾഡിംഗ് സംവിധാനങ്ങളും ഉടനെ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. |
| ജി) ട്രഷറി, ബാങ്ക് എന്നിവയുടെ ചെക്ക്ലീഫുകൾപോലുള്ള സാമഗ്രികൾ അച്ചടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ടോ; | ജി) ഇല്ല. |
| എച്ച്) ഈ വർഷം ഇവിടെ എത്രകോടി രൂപയുടെ എന്തൊക്കെ കരാറുകൾ ലഭിക്കുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കുമോ? | എച്ച്) സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ കൂടുതൽ സീരിസുകളുടെ പ്രിന്റിംഗും മറ്റ് സ്ഥാപനങ്ങളുടെ കൂടുതൽ അച്ചടി ജോലികളും ഈ വർഷം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതനുസരിച്ച് ഈ സാമ്പത്തിക വർഷം ഏകദേശം 45 കോടി രൂപയുടെ കരാറുകൾ ലഭ്യമാകുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.570 23/07/2010-ൽ മറുപടിക്ക്

## ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ.എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കോളേജുകളിൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി സർവ്വകലാശാലകളിലെ പരീക്ഷാ വിഭാഗത്തിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കേണ്ടത്; | (എ) | പരീക്ഷാ വിഭാഗം കമ്പ്യൂട്ടർ വത്ക്കരിച്ചുകൊണ്ട് സമയ ബന്ധിതമായി പരീക്ഷകളും ഫലപ്രഖ്യാപനങ്ങളും നടത്തുക ജീവനക്കാർക്ക് പരിശീലനം നൽകുക തുടങ്ങിയ പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കേണ്ടത്. |
| (ബി) | ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | ക്രെഡിറ്റ് & സെമസ്റ്റർ സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ ഭാഗമായിപരീക്ഷാ വിഭാഗത്തിന്റെ കമ്പ്യൂട്ടർ വത്ക്കരണത്തിന് കേരളാ, എം.ജി, കൊച്ചി ശാസ്ത്ര സാങ്കേതിക, കണ്ണൂർ, കോഴിക്കോട് സർവ്വകലാശാലകൾക്ക് 2 കോടി രൂപയും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലക്ക് ഒരു കോടി രൂപയും നൽകാൻ ബജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ, ഹാൾ ടിക്കറ്റ് വിതരണം തുടങ്ങിപരീക്ഷാ വിഭാഗത്തിന്റെ കമ്പ്യൂട്ടർ വത്ക്കരണത്തിനും ജീവനക്കാരുടെ പരിശീലനത്തിനും ആവശ്യമായ നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (സി) ഇതിനായി സംസ്ഥാന തലത്തിൽ ഏകീകൃത സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; | (സി) & (ഡി) സംസ്ഥാന തലത്തിൽ ഏകീകൃത സംവിധാനം ഇല്ല. എന്നാൽ വിവിധ യൂണിവേഴ്സിറ്റികളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പ്രൊ .വൈസ് ചാൻസലർമാർ അംഗങ്ങളായിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) എങ്കിൽ പ്രസ്തുത സംവിധാനം മോണിറ്റർ ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ? | |